I.ഇ.ബി. XIIകേരള നിയമസഭ/IX-4

**പന്ത്രണ്ടാം കേരള നിയമസഭ**

ഒമ്പതാം സമ്മേളനം

**നിയമസഭാ നടപടികൾ-സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2008 നവംബർ 27, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**പ്രമേയം**

മുംബൈയിൽ നടന്ന ബോംബ് സ്പോടനം

മുഖ്യമന്ത്രി (ശ്രീ. വി.എസ് അച്ചുതാനന്ദൻ): മുംബൈയിൽ ഇന്നലെ രാത്രി നടന്ന ഭീകരാക്രമണത്തിലും വെടിവയ്പ്പിലും ബോംബ് സ്ഫോടനത്തിലും നിരവധി പേർക്ക് ജീവഹാനി സംഭവിക്കുകയും നൂറു കണക്കിന് ആളുകൾക്ക് പരുക്കേൽക്കുകയും വൻ നാശനഷ്ടം സംഭവിക്കുകയും ചെയ്തതിൽ ഈ സഭ അതീവദു:ഖം പ്രകടിപ്പിക്കുകയും ഉത്കണ്ഠ രേഖപ്പെടുത്തുകയും ചെയ്യുന്നു. ഭീകരാക്രമണത്തിൽ ജീവാപായം സംഭവിച്ചവരുടെ കുടുംബങ്ങളെ അനുശോചനം അറിയിക്കുന്നു. രാജ്യത്തിന്റെ ഐക്യവും അഖണ്ഡതയും തകർക്കാൻ ഭീകര പ്രസ്ഥാനങ്ങൾ നിരന്തരം നടത്തുന്ന ഇത്തരം ആക്രമണങ്ങൾക്കെതിരെ അതീവ ജാഗ്രത പുലർത്തണമെന്ന് ഈ സംഭവം എല്ലാ രാജ്യസ്നേഹികളേയും ഒരിക്കൽകൂടി ഓർമ്മിപ്പിക്കുന്നു.

എല്ലാത്തരം ഭീകര പ്രവർത്തനങ്ങൾക്കുമെതിരെ അതീവ ജാഗ്രത പുലർത്താനും ഭീകരവാദികളെ അതിശക്തമായി അടിച്ചമർത്താനും തയ്യാറാകേണ്ടതുണ്ട്. ഇന്നലത്തെ മുംബൈ സംഭവങ്ങളുടെ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് അതീവ ജാഗ്രത പുലർത്താൻ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. അതിനായി എല്ലാ വിഭാഗം ജനങ്ങളുടേയും സഹകരണം ഉണ്ടാകണം.

പ്രതിപക്ഷ നേതാവ് (ശ്രീ. ഉമ്മൻചാണ്ടി): രാജ്യത്തിന്റെ ഐക്യവും അഖണ്ഡതയും പുരോഗതിയും തകർക്കാൻ ബോധപൂർവ്വം നടത്തുന്ന ശ്രമങ്ങളെ രാഷ്ട്രം ഒറ്റക്കെട്ടായി എതിർക്കണം. മരിച്ചവരുടെ കുടുംബങ്ങളോടുള്ള അനുശോചനം രേഖപ്പെടുത്തുന്നു. ഇതുപോലുള്ള ദേശീയ വിരുദ്ധ പ്രവർത്തനങ്ങളെ കണ്ടുപിടിക്കാനും അമർച്ച ചെയ്യാനും വേണ്ടി ധീരമായി പ്രവർത്തിച്ചിരുന്ന ഉയർന്ന ഉദ്യോഗസ്ഥരും ഈ സ്ഫോടനത്തിൽ മരിച്ചിട്ടുണ്ട്. ആ സംഭവത്തിലുള്ള അഗാധമായ ദു:ഖം രേഖപ്പെടുത്തുന്നു. ഈ പ്രമേയത്തോട് പൂർണ്ണമായി യോജിക്കുന്നു.

**അടിയന്തിരപ്രമേയം**

കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ വിതരണം ചെയ്ത ഗുണനിലവാരമില്ലാത്ത മരുന്നുകൾ

മി. സ്പീക്കർ: കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ സർക്കാർ ആശുപത്രികളിലെ രോഗികൾക്ക് ചട്ടങ്ങൾ ലംഘിച്ച് വിതരണം ചെയ്യുന്ന മരുന്നുകൾ ഗുണനിലവാരമില്ലെന്ന് കണ്ടെത്തിയതിനെത്തുടർന്ന് ഉളവായിട്ടുള്ള അതീവ ഗുരുതരമായ സ്ഥിതിവിശേഷത്തെപ്പറ്റി സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. വി.ഡി. സതീശൻ, കെ. കുട്ടി അഹമ്മദ് കുട്ടി, ജോസഫ് എം. പുതുശ്ശേരി,

കെ.ബി.ഗണേഷ് കുമാർ, കെ.കെ. ഷാജു. എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): കേരളത്തിൽ കഴിഞ്ഞ 50 വർഷമായി സെൻട്രൽ പർച്ചേസ് കമ്മിറ്റി മുഖേനയാണ് മരുന്നുവിതരണവും സംഭരണവും നടത്തിക്കൊണ്ടിരുന്നത്. ഈ സംവിധാനത്തിലെ അപാകതകൾ പരിഹരിക്കുന്നതിനുവേണ്ടിയാണ് ഈ ഗവൺമെന്റ് രോഗികൾക്ക് ഗുണനിലവാരമുള്ള മരുന്നുകൾ നൽകുന്നതിനായി മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ രൂപീകരിച്ചത്. അതിനുശേഷം മുൻകാലങ്ങളിൽ ഉണ്ടായിരുന്ന പരാതികൾ ഒരു പരിധിവരെ പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്. സർക്കാർ ആശുപത്രികളിൽ ഗുണനിലവാരമുള്ള മരുന്നുകൾ വിതരണം ചെയ്യുന്നതിൽ മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ കർശന നടപടികളാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള ഉത്തരവാദിത്വം ഡ്രഗ്സ് കൺട്രോൾ ഡിപ്പാർട്ടുമെന്റിനാണെങ്കിലും അത് ഉറപ്പുവരുത്തുന്നതിനുള്ള ഉത്തരവാദിത്വം പൂർണ്ണമായും മരുന്ന് നിർമ്മിക്കുന്ന കമ്പനികൾക്കു തന്നെയാണ്. മരുന്നു കമ്പനികൾ ഏതെല്ലാം മാനദണ്ഡങ്ങൾ പാലിച്ചിരിക്കണമെന്ന് ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് റൂളിൽ വ്യക്തമായി പറഞ്ഞിട്ടുണ്ട്. പ്രസ്തുത റൂളിൽ പറഞ്ഞിട്ടുള്ള കണ്ടീഷൻസ് ഫുൾഫിൽ ചെയ്യുന്നുണ്ടോ എന്ന് ഒരു ടീം പോയി പരിശോധിച്ചശേഷം വീണ്ടും ഗവൺമെന്റ് ലാബിൽ റാണ്ടം ചെക്കിംഗ് നടത്തുന്നുണ്ട്. ഈ രീതിയിൽ ഗുണനിലവാരമുള്ള മരുന്നുകളാണ് സർക്കാർ ആശുപത്രികളിൽ ചികിത്സയ്ക്കായി എത്തുന്ന രോഗികൾക്ക് മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിലൂടെ വിതരണം

ചെയ്യുന്നത്. പ്രസ്തുത സാഹചര്യത്തിൽ ഈ വിഷയം സംബന്ധിച്ച് സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

ശ്രീ. വി.ഡി. സതീശൻ: മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ഫെബ്രുവരിയിലാണ് ആദ്യ ടെണ്ടർ ക്ഷണിച്ചത്. മാർച്ച് ആദ്യവാരം തന്നെ വിവിധ മരുന്നു കമ്പനികൾക്ക് സപ്ലൈ ഓർഡർ നൽകി. മരുന്നുകൾ പരിശോധിച്ചശേഷം വിതരണത്തിനു നൽകുന്നതിനുപകരം ആദ്യഘട്ട വിതരണം പൂർത്തിയായശേഷം ഏപ്രിൽ മാസാവസാനത്തോടെയാണ് പരിശോധനയ്ക്ക് അയച്ചത്. ഡ്രഗ്സ് കൺട്രോൾ ലാബിൽ പരിശോധനയ്ക്കയച്ച 102 ബാച്ച് മരുന്നുകളിൽ 24 മരുന്നുകൾ ഗുണനിലവാരമില്ലാത്തതായി കണ്ടു. മരുന്നിന്റെ നിലവാരം പരിശോധിക്കാതെ വിതരണം ചെയ്യരുതെന്നാണ് വ്യവസ്ഥ. സംസ്ഥാനത്തെ ഡ്രഗ്സ് കൺട്രോൾ ലാബിൽനിന്നും വന്നിട്ടുള്ള റിപ്പോർട്ടിൽ പറയുന്നത് മനുഷ്യന് ഉപയോഗിക്കാൻ പാടില്ലാത്ത മരുന്നുകളാണ് വിതരണം ചെയ്തത് എന്നാണ്. ഈ മരുന്നുകളെല്ലാം രോഗികൾ ഉപയോഗിച്ചു കഴിഞ്ഞ ശേഷമാണ് കണ്ടുകെട്ടാൻ പോയത്. ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ടിനും കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ ടെണ്ടർ പ്രൊസീഡ്യുവറിനും വിരുദ്ധമായിട്ടുള്ള നടപടിയാണിത്. ക്വാളിറ്റി കൺട്രോൾ ബോർഡിന്റെ പരിശോധനയിൽ നിരന്തരമായി നെഗറ്റീവ് റിപ്പോർട്ട് വരുന്ന ഗുണനിലവാരമില്ലാത്ത മരുന്നുകൾ വിതരണം നടത്തുന്ന കമ്പനികളേയും പ്രോഡക്ടുകളേയും അഞ്ച് വർഷത്തേയ്ക്ക് ബ്ലാക്ക് ലിസ്റ്റിൽപ്പെടുത്തണമെന്ന വ്യവസ്ഥ ഗവൺമെന്റ് പാലിച്ചിട്ടില്ല. ബ്ലഡ് കാൻസർ, കിഡ്നി സംബന്ധമായ അസുഖങ്ങൾ എന്നിവ ബാധിച്ച രോഗികൾക്ക് ആവശ്യമായി വരുന്ന ബ്ലഡ് സൂക്ഷിക്കാൻ ഉപയോഗിക്കുന്ന

ബ്ലഡ് കളക്ഷന് സിംഗിൾ ബാഗുകൾ ഗുണനിലവാരമില്ലാതെ ഉപയോഗിച്ചുവെങ്കിൽ അതിന്റെ പ്രത്യാഘാതം വളരെ വലുതാണ്. ക്വാളിറ്റി ടെസ്റ്റ് നടത്താത്ത മരുന്നുകൾ സപ്ലൈ ചെയ്യാൻ തീരുമാനിച്ചതും ഈ കമ്പനികളെ ബ്ലാക്ക് ലിസ്റ്റ് ചെയ്യാത്തതും എന്തുകൊണ്ടാണെന്നുള്ളത് വ്യക്തമാക്കണം. ഗുരുതരമായ ഈ പ്രശ്നം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): മരുന്നുകളുടെ ഗുണനിലവാര പരിശോധന ഉറപ്പുവരുത്താൻ ആറ് മാസംമുമ്പ് മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ നിലവിൽ വന്നതിനുശേഷമേ സാധിച്ചിട്ടുള്ളൂ. അതിനുമുമ്പ് സി.പി.സി. സിസ്റ്റമാണ് ഉണ്ടായിരുന്നത്. ഇപ്പോൾ ടെൻഡറിൽ പങ്കെടുക്കുന്ന കമ്പനികളെ നേരിട്ട് പോയി പരിശോധിച്ച് കണ്ടീഷൻ എല്ലാം ഫുൾഫിൽ ചെയ്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയതിനു ശേഷമാണ് മരുന്നുകൾ സപ്ലൈ ചെയ്യാൻ ഓർഡർ നൽകുന്നത്. കണ്ടീഷൻസ് ഫുൾഫിൽ ചെയ്യാത്ത ഏഴ് കമ്പനികളെ ടെൻഡറിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. സംസ്ഥാനത്താകെ 2000 കോടി രൂപയുടെ മരുന്നുകൾ വിതരണം ചെയ്യുന്നതിൽ 200 കോടി രൂപയുടെ മരുന്നാണ് സർക്കാർ ആശുപത്രികളിലേയ്ക്ക് എടുക്കുന്നത്. ഇതുമാത്രമാണ് ക്വാളിറ്റി പരിശോധന നടത്തുന്നത്. കേരളത്തിലെ പ്രൈവറ്റ് ആശുപത്രികളിലെ ഫാർമസികളിൽ വിറ്റഴിക്കുന്ന മരുന്നുകൾ ഗവൺമെന്റുതലത്തിൽ പരിശോധിക്കുന്ന സംവിധാനം ഇതുവരെ ഉണ്ടായിട്ടില്ല. ഇപ്പോൾ മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ വാങ്ങുന്ന മരുന്നുകൾ പരിശോധിക്കുന്നതിന് 10 ലാബുകളെ എം.പാനൽ ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് ഒരു ഗവൺമെന്റ് ലാബ് മാത്രമേയുള്ളൂ. ഇനിമുതൽ 14 ജില്ലാ ഡ്രഗ് സ്റ്റോറുകളിലും മൂന്ന് മാസത്തേയ്ക്കുള്ള ബഫർ സ്റ്റോക്കിന്റെ ക്വാളിറ്റി ഒരു മാസത്തിനുള്ളിൽ

പരിശോധിച്ച് ഏതെങ്കിലും മരുന്ന് ഒഴിവാക്കണമെന്നുണ്ടെങ്കിൽ അത് ഒഴിവാക്കുക എന്നുള്ളതാണ് ഉദ്ദേശം. സർക്കാർ ആശുപത്രികളിൽ ചികിത്സയ്ക്കെത്തുന്ന രോഗികൾക്ക് ഗുണനിലവാരം പൂർണ്ണമായും ഉറപ്പുവരുത്തി ഏറ്റവും മെച്ചപ്പെട്ട മരുന്നുകൾ കൊടുക്കണമെന്നുള്ള സംവിധാനമാണ് ഗവൺമെന്റ് ഏർപ്പെടുത്തിയിട്ടുള്ളത്. അതുകൊണ്ട് ഈ പ്രശ്നം ഒരു അടിയന്തിര വിഷയമായി എടുക്കേണ്ട കാര്യമില്ല.

പ്രതിപക്ഷ നേതാവ് (ശ്രീ. ഉമ്മൻചാണ്ടി): സംസ്ഥാനത്ത് വിറ്റഴിക്കുന്ന 2000 കോടി രൂപയുടെ മരുന്നുകളുടെ ക്വാളിറ്റി പരിശോധിക്കാൻ ഇപ്പോൾ സംവിധാനമില്ല എന്ന് ബഹുമാനപ്പെട്ട മന്ത്രി അഡ്മിറ്റ് ചെയ്ത സാഹചര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ പ്രശ്നത്തെക്കുറിച്ച് ചർച്ച ചെയ്യാൻ തയ്യാറാകണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): ഗുണനിലവാരം ഉറപ്പുവരുത്തേണ്ടത് ആക്ട് പ്രകാരം കമ്പനികളാണ്.

(അടിയന്തിരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): പ്രതിപക്ഷ നേതാവ് ആവശ്യപ്പെട്ടതനുസരിച്ച് ഈ കാര്യത്തെ സംബന്ധിച്ച് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാം.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ ഉമ്മൻ ചാണ്ടി, കെ.എം. മാണി, പി.കെ. അബ്ദുറബ്ബ് എന്നീ പ്രതിപക്ഷകക്ഷി നേതാക്കൾ പ്രസ്താവനകൾ നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചു വരുകയും ചെയ്തു.)

**ശ്രദ്ധക്ഷണിക്കൽ**

(1) സംസ്ഥാനത്തെ റബ്ബർ കർഷകരുടെ പ്രശ്നങ്ങൾ

ശ്രീ. കെ.എം. മാണി: കിലോഗ്രാമിന് 150 രൂപ വിലയുണ്ടായിരുന്ന സ്വാഭാവിക റബ്ബറിന്റെ വില 60 രൂപയായി താഴ്ന്നതുമൂലം കേരളത്തിലെ റബ്ബർ കർഷകർ വളരെയധികം ദുരിതം അനുഭവിക്കുയാണ്. ഈ വിലയിടിവ് കാർഷിക സമ്പദ്‌വ്യവസ്ഥയെ പ്രതികൂലമായി ബാധിച്ചിരിക്കുകയാണ്. സമ്പദ് വ്യവസ്ഥയ്ക്ക് 7700 കോടി രൂപയുടേയും പർച്ചേസ് ടാക്സ് ഇനത്തിൽ ഒരു വർഷം 300 കോടി രൂപയുടേയും നഷ്ടമുണ്ടാകും. കേരളത്തിലെ . പത്തു ലക്ഷം റബ്ബർ കർഷകരേയും ആറ് ലക്ഷം തൊഴിലാളികളേയും ബാധിക്കുന്ന ഈ പ്രശ്നത്തിൽ ഗവൺമെന്റിന്റെ സത്വര ശ്രദ്ധപതിയണം. ടയർ നിർമ്മാണ ത്തിൽ കൂടുതലായി ഉപയോഗിക്കുന്നത് സിന്തറ്റിക് റബ്ബറാണ്. ക്രൂഡ് ഓയിലിന്റെ വില കുറഞ്ഞതിന്റെ ഫലമായി സിന്തറ്റിക് റബ്ബറിന്റേയും വില കുറഞ്ഞു. തൽഫലമായി അന്താരാഷ്ട്ര മാർക്കറ്റിൽ റബ്ബറിന്റെ വില കുറഞ്ഞുവെങ്കിലും അതിന്റെ ഉൽപ്പാദനച്ചെലവ് അനുദിനം വർദ്ധിച്ചുകൊണ്ടി രിക്കുകയാണ്. ഇപ്പോൾ ഇൻഡ്യയിൽ ആവശ്യമില്ലാതെ റബ്ബർ ഇറക്കുമതി ചെയ്തുകൊണ്ടിരിക്കുകയാണ്. സംസ്ഥാനത്തെ റബ്ബർ വില മെച്ചപ്പെടു ന്നതുവരെ അഡ്വാൻസ്ഡ് ലൈസൻസിംഗ് സമ്പ്രദായമനുസരിച്ചുള്ള ഇറക്കുമതി നിറുത്തിവയ്ക്കണം. നിലവിലുള്ള ഇറക്കുമതി തീരുവ ഒരിക്കലും കുറയ്ക്കാൻ പാടില്ല എന്ന കാര്യത്തിൽ സംസ്ഥാന സർക്കാർ ജാഗ്രത പാലിക്കണം. കേന്ദ്ര സർക്കാർ ഇറക്കുമതി മിനിമമാക്കണം. ഓരോ വർഷവും 90000 മെട്രിക് ടൺ വരെ റബ്ബർ ഇറക്കുമതി ചെയ്യാൻ അവകാശമുണ്ടെന്ന വ്യവസ്ഥ എടുത്തുകളയണം. സംസ്ഥാനത്തെ സ്വാഭാവിക റബ്ബറിനെ കാർഷികോൽപ്പന്നമായി പരിഗണിക്കണമെന്നുള്ളത് ഡബ്ള്യു.ടി.ഒ. കരാറിൽ

ഉൾപ്പെടുത്തണം. റബ്ബറിന് താങ്ങുവില നിശ്ചയിച്ച് സർക്കാർ ആ വിലയ്ക്ക് റബ്ബർ വാങ്ങണം. കൃഷിക്കാരെ സംരക്ഷിക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതിന് ഒരു അഖിലകക്ഷി നിവേദക സംഘത്തെ കേന്ദ്രത്തിലേയ്ക്ക് അയയ്ക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ): റബ്ബറിന്റെ വിലയിടിവിന് പ്രധാന കാരണം ലോകമെമ്പാടും ഇന്ന് വ്യാപിച്ചിരിക്കുന്ന സാമ്പത്തിക തകർച്ചയാണ്. വ്യവസായികൾ റബ്ബറിന് താഴ്ന്ന വില നൽകാൻ പോലും തയ്യാറാകാതെ വിപണിയിൽ നിന്നും വിട്ടുനിൽക്കുകയാണ്. ഈ പ്രതികൂല സാഹചര്യത്തിൽ നിന്നും രക്ഷനേടാനുള്ള മാർഗ്ഗങ്ങൾ ആലോചിക്കാനായി കാർഷിക-സാമ്പത്തിക വിദഗ്ദ്ധരുടേയും റബ്ബർ കർഷക പ്രതിനിധികളുടേയും ഒരു യോഗം സർക്കാർ വിളിച്ചു ചേർക്കുന്നതാണ്. റബ്ബർ കർഷകരുടെ പ്രശ്നങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനായി ഒരു സർവ്വകക്ഷി സംഘത്തെ അയയ്ക്കാൻ സർക്കാർ തയ്യാറാണ്. നടപടികൾ സ്വീകരിക്കേണ്ടത് കേന്ദ്ര ഗവൺമെന്റാണ്.

(2) കേരളം ആസ്ഥാനമാക്കി കശുവണ്ടി ബോർഡ് സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. എ. എ. അസീസ്: കശുവണ്ടി വ്യവസായ രംഗത്ത് റബ്ബർ ബോർഡ് മാതൃകയിൽ ഒരു കാഷ്യൂ ബോർഡ് രൂപീകരിക്കണമെന്ന ആവശ്യം വർഷങ്ങളായി നിലനിൽക്കുന്നുണ്ട്. കശുവണ്ടി വ്യവസായ രംഗത്ത് പൊതുമേഖലാ സ്ഥാപനം, സഹകരണ സ്ഥാപനം, സ്വകാര്യ സ്ഥാപനം എന്നീ മൂന്ന് തരം വ്യവസായ സ്ഥാപനങ്ങളാണുള്ളത്. ഈ മുന്ന് മേഖലകളും തമ്മിലുള്ള അനാരോഗ്യകരമായ മാത്സര്യംമൂലം കശുവണ്ടി

വ്യവസായ രംഗത്ത് മാന്ദ്യം ഉണ്ടായിട്ടുണ്ട്. 1970-75 കാലഘട്ടത്തിൽ ഇതുപോലെ മാന്ദ്യമുണ്ടായപ്പോൾ അതിനെക്കുറിച്ച് നടത്തിയ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് മൊണോപ്പൊളി പ്രൊക്യുയർമെന്റ് ഈ രംഗത്ത് ഏർപ്പെടുത്തിയത്. പിൽക്കാലത്ത് സ്വകാര്യ മുതലാളിമാരുടെ എതിർപ്പുമൂലം ഇത് പിൻവലിക്കേണ്ടതായി വന്നു. അപ്പോൾ സ്വകാര്യ മുതലാളിമാർ നടത്തിയിരുന്ന ഫാക്ടറികൾ കൂട്ടത്തോടെ അടച്ചിട്ടതിന്റെ ഫല മായാണ് കാഷ്യൂ കോർപ്പറേഷനും കാപ്പെക്സും ആരംഭിച്ചത്. 25,000-ൽപ്പരം തൊഴിലാളികൾ മാത്രമാണ് ഇന്ന് സഹകരണമേഖലയിലും പൊതുമേഖലയിലും കൂടി പണിയെടുക്കുന്നത്. ബാക്കിവരുന്ന മൂന്നരലക്ഷത്തോളം തൊഴിലാളികൾ പണിയെടുക്കുന്നത് സ്വകാര്യമേഖലയിലാണ്. കശുവണ്ടി ഫാക്ടറികൾ നവീകരിക്കുന്നതിനും കയറ്റി അയയ്ക്കുന്ന അണ്ടിപരിപ്പിന്റെ ഗുണനിലവാരം പരിശോധിക്കുന്ന തിനും കേരളത്തിൽ ഒരു റിസർച്ച് സെന്റർ ഇല്ല. കശുവണ്ടി വ്യവസായ രംഗത്തുളള തൊഴിലാളികളെ സംരക്ഷിക്കുന്നതിനും ഈ വ്യവസായം ഇവിടെ നിലനിർത്തുന്നതിനും തോട്ടണ്ടിയുടെ ഉല്പാദനം വർദ്ധിപ്പിക്കണം. ഒന്നര ലക്ഷം ടൺ നാടൻ തോട്ടണ്ടി സംഭരിച്ചുകൊണ്ടിരുന്നത് ഇപ്പോൾ 80000 ടണ്ണായി കുറഞ്ഞു. കശുവണ്ടി കൃഷിക്കുവേണ്ടി ആവിഷ്ക്കരിച്ച പദ്ധതികൾക്ക് ലോകബാങ്കിന്റെ സഹായം ഉണ്ടായിരുന്നെങ്കിലും കശുവണ്ടി കൃഷി വ്യാപകമാക്കാൻ സാധിക്കാത്തതിന്റെ ഫലമായിട്ടാണ് റബ്ബർ ബോർഡ് മാതൃകയിൽ കാഷ്യു ബോർഡ് രൂപീകരിക്കണമെന്ന ആശയം ഉയർന്നു വന്നത്. കേന്ദ്ര വാണിജ്യ ബോർഡ് സെക്രട്ടറി കേരളത്തിൽ ഈ ബോർഡ് രൂപീകരിക്കാൻ കഴിയുമോ എന്നതിനെ സംബന്ധിച്ച് പഠനം നടത്തി

അനുകൂല റിപ്പോർട്ട് നൽകുകയും പ്രസ്തുത ബോർഡ് കൊല്ലം ജില്ല യിൽത്തന്നെ സ്ഥാപിക്കാമെന്ന് ഉറപ്പു നൽകുകയും ചെയ്തതാണ്. എന്നാൽ കാഷ്യൂ ബോർഡ് കൊല്ലത്ത് സ്ഥാപിക്കുന്നില്ല എന്നാണ് ഇപ്പോൾ മനസ്സിലാ ക്കുന്നത്. രാജ്യത്തെ 4 കോടി തൊഴിലാളികൾ എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ടിൽ അംഗങ്ങളായിട്ടുണ്ട്. ഇ.പി.എഫ്. സ്കീമിലെ തുക മൂന്ന് സ്വകാര്യ കമ്പനികളെ ഏൽപ്പിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. 1995-ലെ പെൻഷൻ സ്കീമും 1998-ലെ പെൻഷൻ കമ്മ്യൂട്ടേഷൻ സ്കീമും പുന:സ്ഥാപിക്കണം. കൊല്ലം കേന്ദ്രമാക്കി കാഷ്യൂ ബോർഡ് സ്ഥാപിക്കുന്നതിന് കേന്ദ്രത്തിൽ ഒരു അഖിലകക്ഷി നിവേദകസംഘത്തെ അയയ്ക്കുന്നതിന് നടപടി സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി. കെ. ഗുരുദാസൻ): കേരളത്തിൽ കശുവണ്ടി വികസന ബോർഡ് രൂപീകരിക്കണമെന്നത് വളരെ ക്കാലമായുള്ള ആവശ്യമാണ്. ബഹുമാനപ്പെട്ട രാജ്യരക്ഷാ വകുപ്പുമന്ത്രി ശ്രീ.എ.കെ.ആന്റണി ഇക്കാര്യത്തിൽ മുൻകയ്യെടുക്കാമെന്ന് അറിയിച്ചിട്ടുണ്ട്. ബോർഡ് സ്ഥാപിക്കുന്ന കാര്യത്തിൽ ചില സംശയങ്ങൾ ഉയർന്നു വന്നപ്പോൾ ഈ പ്രശ്നം വീണ്ടും കേന്ദ്രഗവൺമെന്റിന്റെ പരിഗണനയിൽ കൊണ്ടുവന്നിട്ടുണ്ട്. നമ്മുടെ രാജ്യത്തുനിന്ന് ഏതാണ്ട് 125000 ടൺ കശുവണ്ടി ഉല്പന്നങ്ങൾ വിദേശത്തേയ്ക്ക് കയറ്റുമതി ചെയ്യു ന്നതിലൂടെ 2,700 കോടി രൂപയുടെ വരുമാനം ലഭിക്കുന്നുണ്ട്. ഏതാണ്ട് 12 ലക്ഷത്തോളം തോട്ടണ്ടി ഇന്ത്യയിൽ സംസ്ക്കരിക്കുന്നുണ്ട്. കൊല്ലം ആസ്ഥാ നമാക്കി കാഷ്യൂ ബോർഡ് സ്ഥാപിക്കണമെന്നതുതന്നെയാണ്

ഗവൺമെന്റിന്റെ താല്പര്യം. ഇത് കാര്യക്ഷമമായി പ്രവർത്തിക്കുന്നതിന് റിസർച്ച് സെന്റർ, അത്യാധുനിക സൗകര്യമുള്ള ലബോറട്ടറി എന്നിവ ആവശ്യമാണ്. എന്നാൽ ഇപ്പോൾ കേന്ദ്രത്തിൽ ഇതിനെ സംബന്ധിച്ച് തർക്കം ഉയർന്നു വന്നിരിക്കുന്ന സാഹചര്യം കണക്കിലെടുത്ത് ബഹുമാനപ്പെട്ട മുഖ്യ മന്ത്രി രണ്ട് തവണ പ്രധാനമന്ത്രിക്ക് നിവേദനം നൽകിയിട്ടുണ്ട്. മുഖ്യമന്ത്രി നാളെ ഡൽഹിയിൽ പോകുന്ന അവസരത്തിൽ ഇതുസംബന്ധിച്ച് വീണ്ടും നിവേദനം നൽകുമെന്നാണ് പ്രതീക്ഷിക്കുന്നത്. അണ്ടിപരിപ്പിന്റെ വില നിശ്ചയിക്കുന്നതും 5 ശതമാനത്തിലധികം കശുവണ്ടി ഇറക്കുമതി ചെയ്യുന്നതും അമേരിക്കയായതുകൊണ്ട് വാണിജ്യ മന്ത്രാലയവും കേന്ദ്ര ഗവൺമെന്റും അമേരിക്കൻ ഗവൺമെന്റുമായി ചർച്ച ചെയ്ത് ന്യായവില ലഭ്യമാക്കേണ്ടതുണ്ട്. പെൻഷൻ കമ്മ്യൂട്ടേഷൻ നിർത്തലാക്കിയ നടപടി പിൻവലിക്കാമെന്ന് കേന്ദ്ര ഗവൺമെന്റ് സമ്മതിച്ചിട്ടുണ്ടെന്ന വിവരം റീജിയണൽ കമ്മീഷണറേറ്റിൽനിന്ന് രേഖാമൂലം ലഭിക്കുന്ന മുറയ്ക്ക് ബഹുമാനപ്പെട്ട മെമ്പറെ അറിയിക്കുന്നതാണ്. അഖിലകക്ഷി നിവേദക സംഘത്തെ അയയ്ക്കുന്ന കാര്യം കാബിനറ്റിൽ ചർച്ച ചെയ്ത് പരിഗണിക്കാ വുന്നതാണ്.

**സബ്മിഷൻ**

(1) <u>പി.എസ്.സി. നിയമനങ്ങൾ</u>

(ഈ വിഷയം സംബന്ധിച്ച് സർവ്വശ്രീ. പി.എം.എ. സലാമും അബ്ദുറഹിമാൻ രണ്ടത്താണിയും നോട്ടീസ് നൽകിയിട്ടുണ്ട്.)

<u>ശ്രി. കെ. കുട്ടി അഹമ്മദ് കുട്ടി</u>: . പി.എസ്.സി. നിയമനങ്ങളിൽ സംവരണ സമുദായങ്ങൾക്ക് ഭരണഘടനയും സംസ്ഥാന നിയമങ്ങളും

വ്യവസ്ഥ ചെയ്ത സംവരണാനുകൂല്യങ്ങൾ നഷ്ടപ്പെടുത്തുന്ന തെറ്റായ നിയമന രീതി മാറ്റി ശരിയായ നിയമന രീതി പിന്തുടരണമെന്ന് കെ.പി. എസ്.സി. Vs ബീർ മുഹമ്മദ് കേസ്സിന്റെയും മറ്റു വിവിധ കേസ്സുകളുടെയും അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച ഹൈക്കോടതി വിധി നടപ്പിലാക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ വി.എസ്. അച്ചുതാനന്ദൻ): 1958-ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിധേയമായാണ് ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി. നിയമന ശുപാർശ നൽകിവരുന്നത്. സർവ്വീസ് ചട്ടങ്ങളിൽ ചട്ടം 14(എ)-യിൽ നിഷ്ക്കർഷിച്ചിട്ടുള്ള പ്രകാരം നിയമന ശുപാർശകൾക്കുള്ള റൊട്ടേഷൻ ചാർട്ട് തയ്യാറാക്കുന്നത് 20 യൂണിറ്റിന്റെ അടിസ്ഥാനത്തിലാണ്. 20 യുണിറ്റിൽ കൂടുതലാണെങ്കിൽ അവയെ ഒറ്റയൂണിറ്റായി കണക്കാക്കി നിയമനശുപാർശ നൽകണമെന്ന് പി.എസ്.സി.ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സംവരണസമുദായങ്ങൾക്ക് അർഹതപ്പെട്ട വിഹിതം പി.എസ്.സി. നിയമനങ്ങളിൽ ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതോടൊപ്പം സംവരണേതര സമുദായങ്ങൾക്ക് അർഹതപ്പെട്ട മെരിറ്റ് സീറ്റുകൾ ലഭിക്കുന്നുവെന്നും ഉറപ്പു വരുത്തേണ്ടതുണ്ട്. ഇതു സംബന്ധിച്ച് ബന്ധപ്പെട്ടവരുമായി ആശയവിനിമയം നടത്തി നിയമവശം പരിശോധിച്ച് പ്രശ്നപരിഹാരം ഉണ്ടാക്കാനാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്.

(2) കാഴ്ചവൈകല്യമുള്ള ഉദ്യോഗാർത്ഥികൾക്കുള്ള സ്പെഷ്യൽ റിക്രൂട്ട്മെന്റ്

ശ്രീ. ടി.എൻ. പ്രതാപൻ: സംസ്ഥാനത്ത് 1998 മുതൽ 2007 വരെയുള്ള കാലയളവിൽ കാഴ്ചയില്ലാത്തവർക്ക് നിയമനം നൽകാനായി മാറ്റിവച്ചിട്ടുള്ള

935 തസ്തികകളിലേയ്ക്ക് സ്പെഷ്യൽ റിക്രൂട്ടുമെന്റ് മുഖേന നിയമനം നടത്താനും ഗവൺമെന്റിന്റെ തന്നെ നടപടിമൂലം നഷ്ടപ്പെട്ട തൊഴിലവസരങ്ങൾ നൽകാനും അവരുടെ ബാക്ക് ലോഗ് നികത്താനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): 2004 മുതൽ 2007 വരെയുള്ള കാലയളവിൽ പി.എസ്.സി. വഴി നടന്ന വികലാംഗ നിയമനങ്ങളിലെ ബാക്ക്ലോഗ് നികത്താൻ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തണമെന്നും വികലാംഗരുടെ 1:1:1 എന്ന അനുപാതം കൃത്യമായി പാലിച്ചുകൊണ്ട് കാഴ്ചവൈകല്യമുള്ളവർക്ക് കുറവ് വന്ന തൊഴിലവസരങ്ങൾ 2004 മുതലുള്ള നിയമനങ്ങളിലൂടെ നികത്തണമെന്നും പി.എസ്.സി.-യോട് കോടതി നിർദേശിച്ചിട്ടുണ്ട്. 2004 മുതൽ 2007 വരെയുള്ള കാലഘട്ടങ്ങളിൽ വികലാംഗർക്കായി സംവരണം ചെയ്യേണ്ട മുന്നു ശതമാനം ഒഴിവുകളിലെ ബാക്ക് ലോഗ് നികത്താൻ പി.എസ്.സി. മുഖേന പ്രത്യേക റിക്രൂട്ട്മെന്റ് നടത്തുവാൻ കഴിയുമോയെന്ന് പരിശോധിക്കുന്നതാണ്. വികലാംഗർക്ക് ലഭിക്കേണ്ട സംവരണം ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(3) ജെയിംസ് അഗസ്റ്റിന്റെ മരണം

ശ്രീ. വി. ശശികുമാർ: മലപ്പുറം ജില്ലയിലെ വാലില്ലാപ്പുഴ എ.എം.എൽ.പി. സ്കൂളിലെ പ്രധാന അദ്ധ്യാപകനായിരുന്ന ശ്രീ. ജെയിംസ് അഗസ്റ്റിന്റെ മരണവുമായി ബന്ധപ്പെട്ട കേസ് അട്ടിമറിക്കുന്നതിനും സാക്ഷികളെ കൂറുമാറ്റുന്നതിനുമുള്ള ശ്രമം തടയുകയും കേസ് നല്ല രീതിയിൽ മുന്നോട്ടുകൊണ്ടുപോകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുകയും

വേണം. പ്രകോപനപരമായി പ്രസംഗം നടത്തിയ മുസ്ളീംലീഗ് നിയോജക മണ്ഡലം പ്രസിഡന്റിനെതിരെ കർശന നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): 19-7-2008-ൽ മലപ്പുറം കൊണ്ടോട്ടി സ്റ്റേഷൻ അതിർത്തിയിൽ കിഴ്ശ്ശേരി ഗവൺമെന്റ് എൽ.പി.എസ്-ൽ ക്ളസ്റ്റർ മീറ്റിംഗിനെതിരായി സമരം ചെയ്ത മുസ്ളീംലീഗ് പ്രവർത്തകരുടെ മർദ്ദന ത്തെത്തുടർന്ന് ജെയിംസ് അഗസ്റ്റിൻ എന്ന ഹെഡ്മാസ്റ്റർ മരണപ്പെട്ട സംഭവത്തിൽ കൊണ്ടോട്ടി പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി 17 പ്രതികളെ അറസ്റ്റ് ചെയ്ത് കോടതി ജാമ്യ ത്തിൽ വിട്ടിട്ടുള്ളതാണ്. തീവ്രവാദത്തിനെതിരെ ഐ.യു.എം.എൽ-ന്റെ അഭി മുഖ്യത്തിൽ മലപ്പുറം ജില്ലയിൽ നടന്ന മേഖലാജാഥയോടനുബന്ധിച്ച് മുസ്ളീംലീഗ് നിയോജകമണ്ഡലം പ്രസിഡന്റ് പ്രകോപനപരമായി നടത്തിയ പ്രസംഗം പോലീസിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സാക്ഷികളെ ഭീഷണിപ്പെടുത്തി പിന്തിരിപ്പിക്കാനും കോടതി നടപടികൾ തടസ്സപ്പെടുത്താ നുമുള്ള ശ്രമം ആരുടെ ഭാഗത്തുനിന്നുണ്ടായാലും അനുവദിക്കുകയില്ല. ഇതുസംബന്ധിച്ച് അന്വേഷണം നടത്തി ആവശ്യമായ നിയമ നടപടി സ്വീകരി ക്കുന്നതാണ്.

(4) ഇക്കോടൂറിസം പദ്ധതി

ശ്രീ. എം. ഹംസ : വിനോദസഞ്ചാരികളെ ആകർഷിക്കുന്ന അത്യപൂർവ ദൃശ്യങ്ങളുള്ള അനങ്ങൻമലയെ ടൂറിസം ഡെസ്റ്റിനേഷനാക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : ഒറ്റപ്പാലം അനങ്ങൻമല കേന്ദ്രീകരിച്ച് സംസ്ഥാന ടൂറിസം

വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഒരു സമഗ്രമായ ഇക്കോടൂറിസം പദ്ധതി നടപ്പിലാക്കാനുള്ള രൂപരേഖ തയ്യാറാക്കുന്നതിന് ആർക്കിടെക്റ്റിനെ ഏല്പിച്ചിട്ടുണ്ട്. അത് ലഭിക്കുന്ന മുറയ്ക്ക് ഇതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(5) കോടതി സമുച്ചയം

ശ്രീ. ബാബുപോൾ: മൂവാറ്റുപുഴയിൽ പുതിയ കോടതി സമുച്ചയം നിർമ്മിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): മൂവാറ്റുപുഴയിൽ മുൻസിഫ് കോടതി, എം.എ.സി.ടി., താലൂക്ക് ആഫീസ്, സബ് ട്രഷറി എന്നിവ പ്രവർത്തിക്കുന്ന കെട്ടിടങ്ങൾ പൊളിച്ചുമാറ്റി പുതിയ കെട്ടിട സമുച്ചയം പണിയുന്നതിനുള്ള പ്രൊപ്പോസൽ നിലവിലുണ്ട്. 2009-2010-ലെ ബഡ്ജറ്റിൽ ഈ കെട്ടിട സമുച്ചയം നിർമ്മിക്കുന്നതിനാവശ്യമായ തുക ഉൾപ്പെടുത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി സമർപ്പിക്കുന്നതിന് എറണാകുളം ജില്ലാ ജഡ്ജിക്ക് ഹൈക്കോടതി രജിസ്ട്രാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(6) അക്വാട്ടിക് കോംപ്ളക്സിന്റെ ശോച്യാവസ്ഥ

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : 2010-ൽ നടക്കുന്ന ദേശീയ ഗെയിംസിനുമുമ്പ് തൃശ്ശൂരിലെ അക്വാട്ടിക് കോംപ്ളക്സിന്റെ പണി പൂർത്തീകരിക്കാൻ സത്വര നടപടി സ്വീകരിക്കണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) 1987-ൽ നടന്ന നാഷണൽ ഗെയിംസിനോടനുബന്ധിച്ചാണ് തൃശ്ശൂരിൽ നീന്തൽ കുളവും അക്വാട്ടിക് കോംപ്ളക്സും നിർമ്മിച്ചത്. ഇതിന്റെ പകുതി ജോലി മാത്രമേ പൂർത്തിയായിട്ടുള്ളൂ. ബാക്കിയുള്ള ജോലികൾക്ക് 3 കോടി രൂപയുടെ

ചെലവ് പ്രതീക്ഷിക്കുന്നു. ഈ നീന്തൽക്കുളത്തിന്റെ പ്രതിവർഷ വരവ് 41 ലക്ഷം രൂപയും ചെലവ് 94 ലക്ഷം രൂപയുമായതിനാൽ പ്രവർത്തനം മെച്ചപ്പെടുത്തി വരുമാനം കൂട്ടാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. 2010-ൽ കേരളത്തിൽവച്ച് നടക്കുന്ന നാഷണൽ ഗെയിംസിന്റെ വേദികളിലൊന്ന് തൃശ്ശൂരാണ്. അതിന്റെ ഭാഗമായി സ്പോർട്ട്സ് കോംപ്ളക്സിന്റെ പണികൾ പൂർത്തീകരിക്കുന്നതിന് 3 കോടി രൂപയുടെ ഒരു പദ്ധതിക്ക് സംസ്ഥാന സർക്കാർ രൂപം നൽകിയിട്ടുണ്ട്. ഇതിനോട് ചേർന്ന് നാഷണൽ ഗെയിംസിന്റെ ഭാഗമായി ഒരു പുതിയ ഇൻഡോർ സ്റ്റേഡിയംകൂടി നിർമ്മിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ട്.

(7) <u>മലയോര കൈവശക്കാരുടെ ഭൂമി ഒഴിപ്പിക്കൽ</u>

ശ്രീ. ആര്യാടൻ മുഹമ്മദ് : നിലമ്പൂർ നിയോജക മണ്ഡലത്തിലെ പോത്തുകൽ, ചാലിയാർ, വഴിക്കടവ് തുടങ്ങിയ പഞ്ചായത്തുകളിൽ പഴയ സർവ്വേയാണ് നിലനിൽക്കുന്നത്. ഇപ്പോൾ സർവ്വേ പുതുക്കുന്നതിന്റെ ഭാഗമായി പുതിയ കയ്യേറ്റമെന്ന നിലയ്ക്ക് 1974-ലെ സർവ്വേ ലൈൻ വീണ്ടും മാർക്ക് ചെയ്ത് കൃഷിക്കാരുടെ ആനുകൂല്യം നിഷേധിക്കുകയാണ്. കക്ഷി രാഷ്ട്രീയഭേദമില്ലാതെ എല്ലാ ആളുകളും സർവ്വേ നടപടികളെ എതിർക്കുകയാണ്. അതുകൊണ്ട് പുതിയ സർവ്വേ നടപടികൾ നിർത്തിവയ്ക്കുകയും 1-1-1977-നുമുമ്പുള്ള കൈവശക്കാരെ ഒഴിപ്പിക്കുകയില്ലെന്ന് ഉറപ്പുവരുത്തുകയും ചെയ്യണം.

മി. ഡെപ്യൂട്ടി സ്പീക്കർ : ഈ പ്രശ്നം മണ്ണാർക്കാട് ഭാഗത്തും നിലനിൽക്കുകയാണ്.

വനവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം) : ഒരു കാരണവശാലും 1-1-1977-നുമുമ്പുള്ള കൈവശഭൂമിയിൽനിന്ന് ആരേയും

ഒഴിപ്പിക്കാൻ ഉദ്ദേശിക്കുന്നില്ല. അത് അവർക്ക് അർഹതപ്പെട്ട ഭൂമിയാണ് എന്നുള്ളതാണ് ഗവൺമെന്റിന്റെ നയം. 1974-ൽ നടത്തിയ സർവ്വേ പ്രകാരം അതിർത്തി വ്യക്തമല്ലാത്തതിനാലാണ് ഇതുസംബന്ധിച്ച് ചില നടപടികൾ സ്വീകരിക്കാൻ ശ്രമിക്കുന്നത്. നിക്ഷിപ്ത വനഭൂമി സ്വകാര്യ വ്യക്തികൾക്ക് പതിച്ചുകൊടുക്കാൻ നിർവ്വാഹമില്ല. നിക്ഷിപ്ത വനഭൂമിയിലെ കയ്യേറ്റം സംബന്ധിച്ച് നിയമ വിദഗ്ദ്ധരുമായി ചർച്ച ചെയ്ത് സർക്കാർ തലത്തിൽ നയപരമായ തീരുമാനമെടുക്കുന്നതാണ്.

(8) ആന്റോയുടെ ദുരൂഹമരണം

ശ്രീ. മുരളി പെരുനെല്ലി: മണലൂർ നിയോജകമണ്ഡലത്തിൽ പെരുമ്പുഴ കനാലിൽ 7 വർഷം മുമ്പ് ആലക്കോട്ടുകര ആന്റോയുടെ മൃതദേഹം ദുരൂഹ സാഹചര്യത്തിൽ കണ്ടെത്തിയ സംഭവത്തിൽ ലോക്കൽ പോലീസും ക്രൈംബ്രാഞ്ചും സി.ബി.ഐ.യും അന്വേഷണം നടത്തിയെങ്കിലും കുറ്റവാളികളെ കണ്ടെത്താൻ നാളിതുവരെ സാധിച്ചിട്ടില്ലാത്തതിനാൽ സി.ബി.ഐ. അന്വേഷണം ത്വരിതപ്പെടുത്തി കുറ്റവാളികളെ കണ്ടെത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കേസ്സിന്റെ സി.ഡി. ഫയലും ബന്ധപ്പെട്ട റിക്കാർഡുകളും 9-04-2005-ൽത്തന്നെ മുംബൈ ബൈലാപ്പൂരിലെ സി.ബി.ഐ.-യെ ഏൽപ്പിച്ചിരിക്കുകയാണ്. ഗവൺമെന്റിന് ചെയ്യാൻ കഴിയുന്ന വിധത്തിൽ ഈ പ്രശ്നം അവരുടെ ശ്രദ്ധയിൽപ്പെടുത്താം.

(9) <u>കോഴിക്കോട് എയർപോർട്ടിലെ ജീവനക്കാരുടെ കുറവ്</u>

<u>ശ്രീ. മഞ്ഞളാംകുഴി അലി:</u> കോഴിക്കോട് എയർപോർട്ടിലെ എമിഗ്രേഷൻ ഓഫീസിൽ ജീവനക്കാരുടെ അപര്യാപ്തതമൂലം യാത്രക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി <u>(ശ്രീ. കോടിയേരി ബാലകൃഷ്ണൻ)</u>: കരിപ്പൂർ വിമാനത്താവളത്തിലെ എമിഗ്രേഷൻ വിഭാഗത്തിൽ 2005-ൽ ഫിക്സ് ചെയ്ത പ്രകാരമുള്ള സ്റ്റാഫ് സ്ട്രെങ്ത്താണുള്ളത്. ഫ്ളൈറ്റുകളുടേയും യാത്രക്കാരുടേയും വർദ്ധന വിനനുസരിച്ച് കൂടുതൽ ജീവനക്കാരെ നിയമിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(10) <u>പ്രകൃതിക്ഷോഭംമൂലം ഭവനരഹിതരായവരുടെ പുനരധിവാസം</u>

<u>ശ്രീ. വി. സുരേന്ദ്രൻ പിള്ള::</u> പ്രകൃതിക്ഷോഭംമൂലം ഭവനരഹിതരായ പൂന്തുറ മുതൽ വേളി വരെയുള്ള പ്രദേശങ്ങളിലെ താമസക്കാർക്ക് പുനരധിവാസത്തിനുള്ള ഭൂമി ഏറ്റെടുക്കൽ നടപടി ശക്തിപ്പെടുത്തുകയും ഫാസ്റ്റ് ട്രാക്ക് സംവിധാനം ഏർപ്പെടുത്തി അടിയന്തിര പരിഗണന കൊടുക്കു കയും വേണം.

റവന്യൂവകുപ്പുമന്ത്രി <u>(ശ്രീ. കെ.പി. രാജേന്ദ്രൻ):</u> 2007-ലെ തെക്കുപ ടിഞ്ഞാറൻ കാലവർഷത്തോടനുബന്ധിച്ച് തിരുവനന്തപുരം വെസ്റ്റ് നിയോജ കമണ്ഡലത്തിന്റെ തീരപ്രദേശത്ത് ഭവനരഹിതരായവരെ മുട്ടത്തറ വില്ലേ ജിലെ പൂന്തുറ, ബീമാപള്ളി എന്നിവിടങ്ങളിലെ ദുരിതാശ്വാസ ക്യാമ്പു കളിലാണ് പാർപ്പിച്ചത്. നിലവിൽ ഭവനരഹിതരായ 9 കുടുംബങ്ങളെ ബീമാപള്ളി ഗവൺമെന്റ് എൽ.പി.സ്കൂളിലും 32 കുടുംബങ്ങളെ രണ്ട്

താല്ക്കാലിക ഷെഡ്ഡുകളിലുമായി താമസിപ്പിച്ചിട്ടുണ്ട്. ദുരിതാശ്വാസ പ്രവർത്തനവുമായി ബന്ധപ്പെട്ട് **14,48,682** രൂപ ചെലവായിട്ടുണ്ട്. ഷെഡ്ഡിൽ താമസിക്കുന്ന പാവപ്പെട്ടവർക്ക് സൗജന്യ ഭക്ഷണം നൽകി വരുന്നു. ആറ്റിപ്ര, കടകംപള്ളി, പേട്ട, മുട്ടത്തറ എന്നീ വില്ലേജുകളിലെ ഭവനരഹിതരായ തീരദേശവാസികളെ മാറ്റിപ്പാർപ്പിക്കുന്നതിന് സുനാമി പുനരധിവാസ സ്കീമിൽ ഉൾപ്പെടുത്തി ഭൂമി ഏറ്റെടുക്കൽ നടപടി താമസംവിനാ പൂർത്തിയാക്കി ഭവനനിർമ്മാണപ്രവർത്തനം ആരംഭിക്കുന്നതാണ്. സുനാമി പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി ഇതിനകം 31 വീടുകൾ നിർമ്മിച്ചു കൊടുത്തിട്ടുണ്ട്.

(11) തീരദേശവാസികൾക്ക് വീട്ടുനമ്പർ നൽകൽ

ശ്രീ. എ. പ്രദീപ് കുമാർ: തീരദേശത്ത് താമസിക്കുന്ന മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെയുള്ള ആളുകൾക്ക് മുനിസിപ്പൽ ആക്ട് അനുസരിച്ച് അൺആതറൈസ്ഡ് കൺസ്ട്രക്ഷൻ എന്ന നിലയിൽ വീട്ടുനമ്പരും വൈദ്യുതി, വെള്ളം എന്നിവയുടെ കണക്ഷനും കൊടുത്തിരുന്നു. എങ്കിലും അത് നിന്നുപോയി. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും ഓണർഷിപ്പ് സർട്ടിഫിക്കറ്റ് ലഭ്യമാക്കാത്തതിനാൽ പ്രത്യേക ഉത്തരവിലൂടെ വെള്ളം, വൈദ്യുതി എന്നിവയുടെ കണക്ഷൻ നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ.പാലോളി മുഹമ്മദ് കുട്ടി) : നിയമപ്രകാരം പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്നവർക്ക് വീട്ടുനമ്പർ നൽകാൻ കഴിയാത്തതിനാൽ റേഷൻ കാർഡ്, ഇലക്ട്രിസിറ്റി, കുടിവെള്ളം എന്നിവ ലഭിക്കുന്നതിന് താല്ക്കാലികമായി വീട്ടുനമ്പർ

നൽകാൻ നിർദ്ദേശിക്കുകയും സമയപരിധി 31-3-2000 വരെ ദീർഘിപ്പിക്കുകയും ചെയ്തു. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ പരമ്പരാഗത സ്ഥലത്ത് വീടുനിർമ്മാണം നടത്തുന്നതിന് കൈവശാവകാശ സർട്ടിഫിക്കറ്റ് ബാധകമാക്കേണ്ടതില്ലെന്നും നിർദ്ദേശിച്ചിരുന്നു. എന്നാൽ തീരദേശ പരിപാലന നിയമം പ്രകാരം വേലിയേറ്റ മേഖലയിൽ 200 മീറ്റർ വരെ പുതിയ നിർമ്മാണങ്ങൾ അനുവദിക്കുന്നില്ല. ഈ വ്യവസ്ഥയിൽ ഇളവ് വരുത്തണമെന്ന് കേന്ദ്ര സർക്കാരിനോട് ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. തീരദേശ മേഖലയിൽ പരമ്പരാഗതമായി ജീവിക്കുന്നവരുടെ വീട് പുനർനിർമ്മിക്കുന്നതിനും നിർമ്മിച്ച വീടുകൾക്ക് നമ്പരിട്ട് കൊടുക്കുന്നതിന് അനുമതി നൽകണമെന്നും തീരദേശപരിപാലന അതോറിറ്റിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(12) ഗ്രാമീണ റോഡുകളുടെ ശോചനീയാവസ്ഥ

ശ്രീ. സി.പി. മുഹമ്മദ്: മെയിന്റനൻസ് ഫണ്ട് റിലീസ് ചെയ്ത് ഗ്രാമീണ റോഡുകളുടെ ഇന്നത്തെ ദുരവസ്ഥ പരിഹരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ.പാലോളി മുഹമ്മദ് കുട്ടി) : തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് കൈമാറ്റം ചെയ്യപ്പെട്ട ജില്ലാ റോഡുകൾ ജില്ലാ പഞ്ചായത്തിന്റേയും ഗ്രാമീണ റോഡുകൾ ഗ്രാമപഞ്ചായത്തിന്റേയും അധികാര പരിധിയിലാണ് വരുന്നത്. നബാർഡ് സഹായത്തോടെയുള്ള ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന പദ്ധതിയും പി.എം.ജി.എസ്.വൈ പദ്ധതിയും റോഡുകളുടെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാരിന്റെ നിബന്ധനകൾക്ക് വിധേയമായി ഉപയോഗപ്പെടുത്താവുന്നതാണ്. ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണ

ത്തിന് റോഡ് മെയിന്റനൻസ് ഗ്രാന്റ് പുനർവിതരണം ചെയ്യാനുള്ള നടപടികളും ആരംഭിക്കുന്നുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഫണ്ട് അനുവദിക്കുന്നത് നിശ്ചിത മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ്. നിയോജകമണ്ഡലത്തിന്റെ അടിസ്ഥാനത്തിൽ തുക അനുവദിക്കാനോ എം.എൽ.എ. ഫണ്ട് അതിലേയ്ക്ക് ഉപയോഗപ്പെടുത്താനോ നിവൃത്തിയില്ല.

(13) തണ്ടാൻ സമുദായക്കാരുടെ ആനുകൂല്യങ്ങൾ

ശ്രീ. എം.എ. വാഹിദ്: തണ്ടാൻ സമുദായത്തിന് ലഭിക്കേണ്ട സംവരണ ആനുകൂല്യം ഇതര വിഭാഗങ്ങൾക്ക് ലഭ്യമാക്കുന്നത് സംബന്ധിച്ച് സർക്കാർ റിവിഷൻ പെറ്റിഷന് പോകുന്നതിനും ഇതിനാവശ്യമായ നിയമം കൊണ്ടുവരുന്നതിനും അടിയന്തിര നടപടി സ്വീകരിക്കണം.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ): 27-7-1977 മുതൽ പ്രാബല്യത്തിൽ വന്ന നിയമപ്രകാരം കേരളത്തിലെ തണ്ടാൻ സമുദായം പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെട്ടിരുന്നു. മലബാർ-കൊച്ചി മേഖലയിലെ ഈഴവ-തീയ്യ വിഭാഗത്തിൽപ്പെടുന്ന ചില വിഭാഗങ്ങൾ തണ്ടാൻ എന്നറിയപ്പെടുന്നതിനാൽ പട്ടികജാതി സർട്ടിഫിക്കറ്റ് അവർക്കും ലഭിച്ചിരുന്നു. ഇക്കാര്യം സർക്കാർ പരിശോധിച്ചപ്പോൾ അവർ ഈ വിഭാഗത്തിൽപ്പെടുന്നവരല്ല എന്ന് മനസ്സിലായി. പട്ടികജാതി ലിസ്റ്റിൽ നിന്ന് ഇവരെ ഒഴിവാക്കുന്ന ഭേദഗതി കേന്ദ്രസർക്കാർ അംഗീകരിക്കുന്നത് 2007-ലായതിനാൽ അതുവരെയുള്ള പട്ടികജാതി സർട്ടിഫിക്കറ്റ് ഇവർ സമ്പാദിച്ചു. 2007-ലെ ഭേദഗതി ഓർഡർ പ്രകാരം മാത്രമേ ജാതി സർട്ടിഫിക്കറ്റ് നൽകുകയുള്ളുവെന്ന് ഗവൺമെന്റ് ഉത്തരവായിട്ടുണ്ട്. നിലവിലുള്ള പട്ടികജാതി ഉത്തരവ് പ്രകാരം മലബാർ-കൊച്ചി പ്രദേശത്തെ തണ്ടാൻ എന്നറിയപ്പെടുന്ന ഈഴവ-തീയ്യ വിഭാഗക്കാർക്ക് പട്ടികജാതി തണ്ടാൻ സർട്ടിഫിക്കറ്റ്

ലഭിക്കുന്നതല്ല. ഇതുസംബന്ധിച്ച സുപ്രീംകോടതി വിധിയിന്മേൽ നിയമ പ്രകാരം അപ്പീൽ നിലനിൽക്കുന്നതല്ല.

(14) ബി.പി.എൽ. ലിസ്റ്റിലെ അപാകതകൾ

ശ്രീ. പി. വിശ്വൻ: അപാകതകൾ നീക്കി ബി.പി.എൽ. ലിസ്റ്റ് കുറ്റമറ്റതാക്കക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ.പാലോളി മുഹമ്മദ്കുട്ടി): കേന്ദ്ര നിർദ്ദേശ പ്രകാരം ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള കുടുംബങ്ങളെ കണ്ടെത്തുന്നതിനായി സംസ്ഥാനത്തിനനുയോജ്യമല്ലാത്ത രീതിയിലുള്ള മാനദണ്ഡങ്ങൾ സ്വീകരിച്ചുകൊണ്ട് പത്താം പദ്ധതിയിൽപ്പെടുത്തി 2003-ൽ എടുത്ത സെൻസസ് പ്രകാരം സംസ്ഥാനത്ത് 57.63 ലക്ഷം ദരിദ്ര കുടുംബങ്ങൾ ഉണ്ട്. ഇതിന്റെ പേരിൽ സുപ്രീം കോടതിയിലുണ്ടായ കേസ് 2005-ൽ കേസ് തീർപ്പായെങ്കിലും അന്നത്തെ സർക്കാർ തുടർനടപടി സ്വീകരിച്ചില്ല. ഇതിനിടയ്ക്ക് കേന്ദ്ര പ്ലാനിംഗ് കമ്മീഷൻ കേരളത്തിലെ ദരിദ്ര കുടുംബങ്ങളുടെ എണ്ണം 10.259 ലക്ഷമായി നിജപ്പെടുത്തി. അതനുസരിച്ച് ബി.പി.എൽ. ലിസ്റ്റ് പരിഷ്ക്കരിക്കപ്പെട്ടപ്പോൾ പല പദ്ധതികൾക്കുമുള്ള കേന്ദ്രസഹായം നഷ്ടമായ സാഹചര്യത്തിൽ 2003-ലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ കുടുംബശ്രീ സംവിധാനമുപയോഗിച്ച് സാധ്യതാ പരിശോധന നടത്തി 21.03 ലക്ഷം കുടുംബങ്ങളെ ഉൾപ്പെടുത്തി കരട് ലിസ്റ്റിന് രൂപം നൽകുകയുണ്ടായി. ആ ലിസ്റ്റിൽ വ്യാപകമായ പരാതി ഉയർന്നതിനെത്തുടർന്ന് ഗ്രാമ സഭകളുമായി ചർച്ച നടത്തി. എന്നാൽ സർക്കാർ നിശ്ചയിച്ച മാനദണ്ഡമല്ല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിച്ചത്. അതിന്റെ ഫലമായി 21

ലക്ഷം ആയിരുന്ന ബി.പി.എൽ. സംഖ്യ ഉയരുകയുണ്ടായി. ഇപ്പോൾ പ്രസ്തുത ലിസ്റ്റിലുൾപ്പെട്ട അനർഹരായവരെ ഒഴിവാക്കി അർഹരായ മുഴുവൻ പേരെയും ഉൾപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

(15) ദേശീയ പാത 17-ന്റെ വികസനത്തിലെ അനിശ്ചിതത്വം

ശ്രീ. കെ. വി. അബ്ദുൾഖാദർ: ദേശീയ പാത 17-ൽപ്പെട്ട കുറ്റിപ്പുറം മുതൽ ഇടപ്പള്ളി വരെയുള്ള റോഡുവികസനം എത്രയും പെട്ടെന്ന് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. ഇതിന്റെ അലൈൻമെന്റ് ഫിക്സ് ചെയ്യുന്ന വേളയിൽ നിയമസഭാ സാമാജികരെക്കൂടി വിളിച്ചുചേർത്ത് ചർച്ച ചെയ്യണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്): സംസ്ഥാനത്തെ 8 ദേശീയ പാതകളിൽപ്പെട്ട പ്രധാനപ്പെട്ട എൻ.എച്ച്. 47-ഉം എൻ.എച്ച്.17-ഉം പൂർണ്ണമായും 4 വരിപ്പാതയാക്കുന്നതിന്റെ ഭാഗമായി എൻ.എച്ച്. 17-ൽപ്പെട്ട കുറ്റിപ്പുറം മുതൽ ഇടപ്പള്ളി വരെയുള്ള ഭാഗത്തിന്റെ വികസനത്തിനായി എൻ.എച്ച്.ഡി.പി-യിൽ ഉൾപ്പെടുത്തി ബി.ഒ.ടി. അടിസ്ഥാനത്തിൽ നടത്തുന്നതിനുള്ള പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നതിന് കൺസൾട്ടന്റിനെയും ഇതിനാവശ്യമായ സ്ഥലമെടുപ്പിനായി രണ്ട് ജില്ലകളിൽ ഓരോ സ്പെഷ്യൽ ലാന്റ് അക്വിസിഷൻ ഓഫീസർമാരെ വീതവും നിയോഗിച്ചിട്ടുണ്ട്. നാലുവരിപ്പാതയുടെ നിർമ്മാണത്തിനായി സ്ഥല വിസ്തൃതി, സർവ്വീസ് റോഡ്, യൂട്ടിലിറ്റി എന്നിവ കണക്കിലെടുത്ത് 45 മീറ്റർ വീതിയിലുള്ള ഭൂമിയാണ് കേന്ദ്ര സർക്കാർ ഇതിനായി ആവശ്യപ്പെട്ടിരിക്കുന്നത്. ദേശീയ പാത വികസന പദ്ധതിയുടെ പ്രവർത്തനം

ത്വരിതഗതിയിൽ ചെയ്യുന്നതിനുള്ള ശ്രമങ്ങൾ നടത്തുന്നുണ്ട്. പൊതുമരാമത്ത് സെക്രട്ടറിയെ ഇതിന്റെ നോഡൽ ഓഫീസറായി നിശ്ചയിച്ചിട്ടുണ്ട്. ദേശീയ പാതയുടെ ഇരുവശങ്ങളിലും ദൂരപരിധി നിശ്ചയിക്കുന്നതുൾപ്പെടെയുള്ള കാര്യം തദ്ദേശ വകുപ്പമായി ചർച്ച ചെയ്ത് എത്രയുംവേഗം അന്തിമ തീരുമാനം കൈക്കൊള്ളുന്നതാണ്. ദേശീയ പാത-17-ന്റെ സ്ഥലമെടുപ്പിനായി അലൈൻമെന്റ് ഫിക്സ് ചെയ്യുന്നതിന് മുമ്പ് റവന്യൂ മന്ത്രിയുമായി ചർച്ച നടത്തുന്ന അവസരത്തിൽ എം.എൽ.എ. മാരെക്കൂടി പങ്കെടുപ്പിക്കുന്നതാണ്.

(16) <u>പ്രതിപക്ഷനേതാവിന്റെ 24-11-08-ലെ ഉപചോദ്യത്തിനുള്ള മറുപടി</u>

മുഖ്യമന്ത്രി <u>(ശ്രീ. വി.എസ്. അച്ചുതാനന്ദൻ):</u> ഇൻഫോ പാർക്ക് ദുബായ് കമ്പനിക്ക് നൽകുന്ന കരട് കരാറുമായി ബന്ധപ്പെട്ട കാര്യമാണ് പ്രതിപക്ഷ നേതാവ് ഉന്നയിച്ചത്. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ഇൻഫോ പാർക്കിന്റെ കെട്ടിടമുൾപ്പെടെയുള്ള 98 ഏക്കർ സ്ഥലത്തിന്റെ നിയമപരമായ അവകാശം 109 കോടി രൂപയ്ക്ക് കൈമാറുന്ന തരത്തിലുള്ള ധാരണയായിരുന്നു കമ്പനിയുമായുണ്ടായിരുന്നത്. അന്നുണ്ടായിരുന്ന രണ്ട് കെട്ടിടങ്ങൾ പണിയാൻ സർക്കാർ ചെലവഴിച്ചത് 85.33 കോടി രൂപയാണ്.. കേന്ദ്ര സർക്കാരിന്റെ 7 കോടി രൂപയും ഇതിനായി ചെലവഴിച്ചിട്ടുണ്ട്. അതിനുപുറമെ ഇൻഫോ പാർക്ക് വരുത്തിയ 16.88 കോടി രൂപയുടെ കുടിശ്ശിക സർക്കാർ തീർത്തടയ്ക്കാമെന്നും ധാരണാപത്രത്തിൽ പറഞ്ഞിരുന്നു. അവിടെ രണ്ട് കെട്ടിടങ്ങൾ മാത്രമല്ല, വിപുലമായ തൊഴിലവസരങ്ങളും റോഡ്, വൈദ്യുതി, ജലവിതരണ സൗകര്യങ്ങൾ തുടങ്ങിയവയും ഉണ്ടായിരുന്നു. ഇതിന്റെയെല്ലാം വിലയായി നിശ്ചയിച്ചത് 109 കോടി രൂപയാണ്. യു.ഡി.എഫി.-ന്റെ ഭരണകാലത്ത് സ്മാർട്ട് സിറ്റിക്കുള്ള

236 ഏക്കർ സ്ഥലത്തിന് 36 കോടി രൂപയാണ് വില നിശ്ചയിച്ചത്. ഇപ്പോൾ ആ സ്ഥലം 104 കോടി രൂപയ്ക്കാണ് പാട്ടത്തിന് കൊടുക്കാൻ നിശ്ചയിച്ചിരിക്കുന്നത്. അന്ന് സ്ഥലം വിൽക്കാനാണ് തീരുമാനിച്ചതെങ്കിൽ ഇന്ന് പാട്ടത്തിന് കൊടുക്കാനാണ് തീരുമാനിച്ചത്. അതും വിൽപ്പന വിലയുടെ മൂന്നിരട്ടിക്ക്. യു.ഡി.എഫ്. ഭരണ കാലത്ത് സ്മാർട്ട് സിറ്റിയിൽ 10 വർഷം കൊണ്ട് 33000 പേർക്ക് തൊഴിലവസരങ്ങൾ ഉണ്ടാകുമെന്നാണ് വാഗ്ദാനം ചെയ്തതെങ്കിൽ ഇപ്പോൾ ഇൻഫോ പാർക്കിൽ മാത്രമായി വരാൻ പോകുന്ന തൊഴിലവസരങ്ങൾ അതിലേറെയാണ്. സ്മാർട്ട് സിറ്റിയിൽ മാത്രം 90000 തൊഴിലവസരങ്ങളാണ് വരുന്നത്. ആദ്യം സർക്കാർ ഓഹരി 16 ശതമാനമായിരുന്നു. ഇതിന്റെ പ്രവർത്തനം ആരംഭിക്കുമ്പോൾ അത് 26 ശതമാനമാകും. കമ്പനി ചെയർമാൻ, ബോർഡ് മെമ്പർ എന്നീ നിലകളിൽ സർക്കാരിന് സ്ഥാനം ലഭിക്കുകയും ചെയ്യും. അവിടെ ഒരൊറ്റ വ്യക്തിക്കുപോലും ജോലിയോ ഐ.റ്റി.യോ ഐ.റ്റി. അനുബന്ധ വ്യവസായങ്ങളോ യാതൊന്നും തന്നെ യു.ഡി.എഫ്. കരാറിലുണ്ടായിരുന്നില്ല. എന്നാൽ ഇപ്പോൾ 88 ലക്ഷം ചതുരശ്ര അടി കെട്ടിടം വന്നാൽ 69 ലക്ഷം ചതുരശ്ര അടി കെട്ടിടങ്ങൾ ഐ.റ്റി./ഐറ്റി.അനുബന്ധ വ്യവസായങ്ങൾക്കായിരിക്കണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. സംസ്ഥാന താൽപ്പര്യങ്ങൾക്കനുസരിച്ചുള്ള മാറ്റങ്ങളാണ് കരാറിൽ വരുത്തിയത്. കമ്പനി കരാർ പ്രകാരം പാർക്ക് നടപ്പിലാക്കിയില്ലെങ്കിൽ പാട്ടത്തിനനുവദിച്ച ഭൂമി പാട്ടം റദ്ദാക്കി തിരിച്ചെടുക്കാൻ ഇപ്പോഴത്തെ കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതിനായി പാട്ടത്തിനു നൽകാൻ തീരുമാനിച്ച കെ.ഇസ്.ഇ.ബി.യുടെയും കിൻഫ്രയുടെയും ഭൂമി സംബന്ധിച്ചുള്ള വേർതിരിവ് ഈ ഗവൺമെന്റ് എടുത്തു കളഞ്ഞു.

പ്രതിപക്ഷനേതാവ് (ശ്രീ.ഉമ്മൻ ചാണ്ടി): ഇൻഫോ പാർക്കിന് സ്ഥലം സൗജന്യമായി കൊടുത്തു എന്ന് ഇതുവരെ പറഞ്ഞിരുന്നത് മാറി 109 കോടി രൂപയ്ക്കാണ് കൊടുത്തത് എന്ന് സമ്മതിച്ചത് സ്വാഗതാർഹമാണ്. 98 ഏക്കർ സ്ഥലത്തിനും കെട്ടിടത്തിനും കൂടിയാണ് 80 കോടി രൂപ വില അന്ന് കണക്കാക്കിയത്. അതിനാണ് ഇന്ന് 109 കോടി രൂപ വാങ്ങിയിരിക്കുന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് ഇലക്ട്രിസ്റ്റി ബോർഡിന്റെ സ്ഥലം 20 കോടി രൂപ മതിപ്പിൽ സൗജന്യമായി അന്നത്തെ ഐ.ടി.പോളിസി അനുസ രിച്ച് കൊടുക്കാൻ തീരുമാനിച്ചിരുന്നതാണ് ഇപ്പോൾ 7.57 കോടി രൂപയ്ക്ക് കൊടുക്കുന്നത്. 136 ഏക്കർ സ്ഥലം വാങ്ങാൻ യു.ഡി. എഫ്.ഗവൺമെന്റിന്റെ കാലത്ത് കണക്കാക്കിയിരുന്ന തുക 36 കോടി രൂപയാണ്. അന്നത്തെ വില യ്ക്കല്ല നിങ്ങൾ ഇന്ന് വാങ്ങിക്കുന്നത്. ഇങ്ങനെ ചെയ്യുമ്പോൾ യു.ഡി. എഫ്. സൗജന്യമായി കൊടുത്തതിൽ നിന്നും പതിൻമടങ്ങ് കൂടുകയാണ്. യു.ഡി.എഫ്.-ന്റെ കാലത്ത് ഡയറക്ട് ഐ.ടി ജോബ്സ് കൊടുക്കുമെന്നാണ് പറഞ്ഞിരുന്നത്. ഇപ്പോൾ best efforts to create 90,000 jobs എന്നാണ് പറഞ്ഞിരിക്കുന്നത്. യു.ഡി. എഫ്.ഗവൺമെന്റ് മൂന്ന് വർഷംകൊണ്ട് പൂർത്തി യാക്കാനാണ് ഉദ്ദേശിച്ചിരുന്നത്. ഈ ഗവൺമെന്റിന്റെ കാലത്ത് സ്മാർട്ട് സിറ്റിയിൽ 1000 പേർക്കുപോലും ജോലി കൊടുക്കുമെന്ന് ഉറപ്പില്ല. സ്മാർട്ട് സിറ്റിയുടെ പ്രവർത്തനം നടക്കാതെ പോകുന്നതിന്റെ മുഴുവൻ ഉത്തരവാ ദിത്വവും ഈ ഗവൺമെന്റിനാണ്.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): ഗവൺമെന്റിന്റെ ഭൂമി വെറുതെ കൊടുക്കുന്ന നിലപാടല്ല ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. അതിന് വില നിശ്ചയിച്ച് നൽകുകയാണ് ചെയ്യുന്നത്. ഗവൺമെന്റിന്റെ

അവകാശം വേറെയും ഉണ്ട്. അതിനൊന്നും പണംചോദിച്ചിട്ടും വാങ്ങിയിട്ടു മില്ല എന്നതാണ് കഴിഞ്ഞ ഗവൺമെന്റിന്റെ ഇടപാടിലുള്ള കുറവ്. ഈ ഗവൺമെന്റ് തൊണ്ണൂറായിരം ആളുകൾക്ക് തൊഴിൽ കൊടുക്കാൻ ഉദ്ദേശി ക്കുന്നു. ഇൻഫോ പാർക്ക് കൊടുക്കാതെ നിലനിർത്തുകയും ചെയ്തു.

**റിപ്പോർട്ട് സമർപ്പണം**

(1) 2008-ലെ കേരള ഹൈക്കോടതി സർവ്വീസുകൾ (വിരമിക്കൽ പ്രായം നിജപ്പെടുത്തൽ) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(2) 2008-ലെ കേരള (പട്ടികജാതി-പട്ടികഗോത്ര വർഗ്ഗങ്ങൾ) സമുദായ സർട്ടിഫിക്കറ്റ് നൽകുന്നത് ക്രമപ്പെടുത്തൽ (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(3) 2008-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(4) അനൗദ്യോഗികപ്രമേയങ്ങളും ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പതിനഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

**ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന**

<u>വൈദ്യുതി പ്രതിസന്ധി</u>

സംസ്ഥാനത്തെ രൂക്ഷമായ വൈദ്യുതി പ്രതിസന്ധിയെ സംബന്ധിച്ച് പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി ശ്രീ. എ.കെ. ബാലൻ ഒരു പ്രസ്താവന നടത്തി.

**നിയമനിർമ്മാണകാര്യം**

<u>താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും</u>

(1) 2008-ലെ ഉയർന്ന നിയമപഠനത്തിനുള്ള ദേശീയ സർവ്വകലാശാല (ഭേദഗതി) ബിൽ

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ.എം.എ.ബേബി): 2008-ലെ ഉയർന്ന നിയമപഠനത്തിനുള്ള ദേശീയ സർവ്വകലാശാല (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യങ്ങൾ വിശദീകരിക്കുന്ന സ്റ്റേറ്റ്മെന്റും മേശപ്പുറത്തുവയ്ക്കുന്നു.

മി.സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ.എം.എ. ബേബി): 2008-ലെ ഉയർന്ന നിയമപഠനത്തിനുള്ള ദേശീയ സർവ്വകലാശാല (ഭേദഗതി) ബിൽ സാമൂഹ്യ സേവനം സംബന്ധിച്ച VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ.സി. ദിവാകരൻ): പ്രമേയത്തെ പിന്താങ്ങുന്നു.

**ക്രമപ്രശ്നം**

ബില്ലിന്റെ അവതരണം സംബന്ധിച്ച്

ശ്രീ.കെ.സി. ജോസഫ്: നിലവിലുള്ള നിയമമനുസരിച്ചുതന്നെ സംസ്ഥാന ഗവൺമെന്റിന്റേയോ കേന്ദ്ര ഗവൺമെന്റിന്റേയോ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്റേയോ ഗ്രാന്റ് വാങ്ങാൻ വ്യവസ്ഥ ഉണ്ടായിരിക്കെ അപ്രകാരം വ്യവസ്ഥയില്ലെന്നും സെൽഫ് ഫിനാൻസിംഗ് സ്റ്റാറ്റസ് എടുത്തുകളഞ്ഞാൽ മാത്രമേ അതിനവസരമുണ്ടാകൂ എന്നും പറയുന്നത്

ബോധപൂർവ്വം സഭയെ തെറ്റിദ്ധരിപ്പിക്കുന്നതാണ്. കേരളത്തിലെ മറ്റ് സർവ്വകലാശാലകൾ വലിയ സാമ്പത്തിക പ്രതിസന്ധി നേരിടുമ്പോൾ അവയെ സഹായിക്കാൻ പോലും കഴിയാത്ത ഗവൺമെന്റ് അങ്ങനെയൊരു ചാനൽ തുറക്കുന്നത് ഗുണകരമല്ല.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ.എം.എ. ബേബി): ഇതുവരെ യു.ജി.സി.യിൽനിന്നും യാതൊരു സഹായവും ഈ നാഷണൽ യൂണിവേഴ്സിറ്റിക്ക് ലഭിച്ചിട്ടില്ല. ഇതിന്റെ ചാൻസിലറായി പ്രവർത്തിക്കുന്നത് ഹൈക്കോടതി ചീഫ് ജസ്റ്റീസാണ്. സെൽഫ് ഫിനാൻസിംഗ് എന്നുള്ള ലേബൽ ഈ സർവ്വകലാശാലയുടെമേൽ ഇരിക്കുന്നിടത്തോളംകാലം യു.ജി.സി.ക്ക് സാമ്പത്തിക സഹായം നൽകാൻ കഴിയില്ല. അതിന്റെ ഫലമായി ഈ സർവ്വകലാശാലയുടെ പ്രവർത്തനം വഴിമുട്ടി നിൽക്കുകയാണ്. അത് നീക്കാൻ ഗവൺമെന്റ് ശ്രമിക്കുകയാണ്. അതുകൊണ്ട് ഇപ്പോൾ ഉന്നയിച്ചിട്ടുള്ള തടസ്സവാദങ്ങൾ നിലനിൽക്കുന്നതല്ല.

**റൂളിംഗ്**

മി. സ്പീക്കർ മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഈ ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ.എം.എ. ബേബി): ഈ ഭേദഗതി നിയമത്തിലൂടെ ധനകാര്യ വകുപ്പ് സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി മെമ്പർ എന്നിവരെ ജനറൽ കൗൺസിൽ അംഗങ്ങളായി ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. ഈ നിയമം നിലവിൽ വന്നതിനുശേഷമാണ് ഉന്നത വിദ്യാഭ്യാസ കൗൺസിൽ നിലവിൽ വന്നിട്ടുള്ളത്. ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ പ്രതിനിധികൾ ഓരോ സർവ്വകലാശാലയുടേയും നേതൃത്വ സമിതികളിലുണ്ടാകുന്നത് ഉന്നത

വിദ്യാഭ്യാസ കൗൺസിലും സർവ്വകലാശാലകളും തമ്മിലുള്ള ആശയ സന്നി വേശത്തിനും ഉന്നത വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനും സഹായകരമാകും എന്നുള്ള ഉദ്ദേശത്തോടുകൂടി യാണ് ഈ ഭേദഗതി നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. ഇതിനുപുറമേ നിയമ വിദഗ്ദ്ധ രായി രണ്ടുപേരെ നിയമിക്കണമെന്നും അതിൽ ഒരാൾ സ്ത്രീ ആയിരിക്കണ മെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. മറ്റൊന്ന് വിദ്യാർത്ഥി പ്രവേശനത്തിലും ഫീസ് നിർണ്ണയത്തിലും സാമൂഹ്യ നീതിയും മെറിറ്റും ഉറപ്പുവരുത്താൻ വേണ്ടിയുള്ള നിർദ്ദേശങ്ങൾ സർവ്വകലാശാലയ്ക്ക് നൽകാൻ ഗവൺമെന്റിന് അധികാരമുണ്ടായിരിക്കും എന്നുള്ളതാണ്. അത്തരം നിർദ്ദേശങ്ങളെല്ലാം സർവ്വകലാശാലയുടെ എക്സിക്യൂട്ടീവ് കൗൺസിലിന്റെ താൽപ്പര്യങ്ങൾക്ക് വിധേയമായി മാത്രമേ നടപ്പിലാക്കുകയുള്ളൂ. ഈ നിർദ്ദേശങ്ങളെല്ലാം ഉയർന്ന നിയമപഠനത്തിനുള്ള ദേശീയ സർവ്വകാലശാലയുടെ ഘടനയേയും ഉള്ളട ക്കത്തേയും ശക്തിപ്പെടുത്തുന്നതാണ്.

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u>: I move that "This House resolves to disapprove The National University of Advanced Legal Studies (Amendment) Ordinance, 2008 (Ordinance No. 21 of 2008)

നിയമരംഗത്ത് വിശാലമായ ലക്ഷ്യവും സുശക്തമായ കാഴ്ച്ചപ്പാടും ലക്ഷ്യമിട്ടുകൊണ്ടാണ് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കൊച്ചി ആസ്ഥാന മാക്കി നിയമപഠനത്തിന് ഒരു ദേശീയ സർവ്വകലാശാല സ്ഥാപിക്കണം എന്ന ആശയം കൊണ്ടുവന്നത്. നിയമപഠനരംഗത്ത് പുതിയ സാമൂഹ്യ ക്രമത്തിനും സാങ്കേതിക വളർച്ചയ്ക്കും അനുസൃതമായിട്ടുള്ള ഒട്ടേറെ വിഷയങ്ങളെക്കുറി ച്ചുള്ള നിയമപരമായ കാഴ്ചപ്പാടുകൾ വിലയിരുത്താൻ നിലവാരമുള്ള ഒരു

ദേശിയ സർവ്വകലാശാല വേണം എന്നുള്ളതാണ് ഇതിന് പ്രേരിപ്പിച്ചത്. ലാ കോളേജുകളിൽ 27 സബ്ജക്ടുകൾ പഠിപ്പിക്കുമ്പോൾ ഈ സർവ്വകലാശാല യിൽ അൻപതോളം സബ്ജക്ടുകൾ പഠിപ്പിക്കുന്നുണ്ട്. ഇവിടെ അഡ്മിഷൻ ലഭിക്കുന്ന 50 ശതമാനം പേർ ക്യാംപസ് റിക്രൂട്ട്മെന്റ്വഴി ഉന്നത സ്ഥാനങ്ങ ളിൽ എത്തുന്നുണ്ട്. ദേശീയ നിലവാരത്തിലുള്ള ഒരു നല്ല സർവ്വകലാശാല യായി ഉയർത്തണം എന്ന കാഴ്ചപ്പാടോടുകൂടി തുടങ്ങിയ ഈ സർവ്വകലാശാ ലയ്ക്ക് കളമശ്ശേരിയിൽ 10 ഏക്കർ സ്ഥലം സ്വന്തമായി ഉണ്ടായിരുന്നിട്ടും സാമ്പത്തിക പ്രശ്നത്തിന്റെ പേരിൽ കെട്ടിടങ്ങൾ നിർമ്മിക്കാനോ മറ്റ് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്താനോ സാധിക്കുന്നില്ല. ഈ സർവ്വ കലാശാലയുടെ പേരിൽ മാറ്റം വരുത്തിയതല്ലാതെ മറ്റൊന്നും ചെയ്യാൻ സാധിച്ചിട്ടില്ല. ഈ സ്ഥാപനം വളർന്നു വികസിക്കണം എന്നുള്ളതാണ് എല്ലാ വരുടേയും ലക്ഷ്യം. 'സ്വാശ്രയം' എന്ന പേര് മാറ്റിയാൽ സർവ്വകലാശാല ധനസഹായ കമ്മീഷനിൽനിന്നോ മറ്റേതെങ്കിലും ഏജൻസികളിൽനിന്നോ ഗ്രാന്റുകൾ സ്വീകരിക്കാൻ സാധിക്കുമെങ്കിൽ അതൊരു നല്ല കാര്യമാണ്. ജനറൽ കൗൺസിലിന്റെ ഘടന മാറിയതുകൊണ്ടുമാത്രം സർവ്വകലാശാല രക്ഷപ്പെടുകയില്ല. 100 ശതമാനം കുട്ടികളേയും കാംപസ് റിക്രൂട്ടമെന്റ് വഴി തെരഞ്ഞെടുക്കാൻ കഴിയുന്ന രൂപത്തിൽ സർവ്വകലാശാലയെ ഉയർത്തിക്കൊ ണ്ടുവരാനുള്ള ശ്രമം സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം. കിൻഫ്രാ നൽകിയിരിക്കുന്ന 10 ഏക്കർ സ്ഥലത്ത് നല്ല നിലവാരത്തിലുള്ള കാമ്പസ് കെട്ടിടം പണിയുകയും ദേശീയതലത്തിലുള്ളതും നിയമവുമായി ബന്ധമുള്ള തുമായ ഒരാളെ വൈസ്ചാൻസിലറായി നിയമിക്കുകയും ചെയ്താൽ ഏറ്റവും

നല്ല നിയമ സർവ്വകലാശാലയായി മാറും. ശാസ്ത്ര സാങ്കേതിക രംഗത്ത് രാജ്യം വളർച്ച പ്രാപിക്കുമ്പോൾ അതിനനുസൃതമായി പുതിയ നിയമങ്ങൾ ഉണ്ടാക്കേണ്ടിവരും. സെർച്ച് കമ്മിറ്റിയിലെ ബാർ കൗൺസിൽ ഓഫ് ഇൻഡ്യ യുടെ പ്രതിനിധിക്കു പകരം കേരള ബാർ കൗൺസിൽ പ്രതിനിധിയെ ചേർക്കുന്നത് ആശാസ്യമായിരിക്കുകയില്ല.

ശ്രീ. തോമസ് ചാഴികാടൻ: നിരാകരണ പ്രമേയത്തെ പിന്താങ്ങുന്നു. കഴിഞ്ഞ ഗവൺമെന്റ് കേരളത്തിൽ നിയമ പഠനത്തിനും ഗവേഷണത്തിനും അന്തർദ്ദേശീയ നിലവാരമുള്ള ഒരു സ്ഥാപനം ഉണ്ടാകണമെന്ന് ആഗ്രഹിച്ചു തുടങ്ങിയതാണ്. ഇന്നത്തെ നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്. ഈ സ്ഥാപനത്തെ കൂടുതൽ മെച്ചപ്പെട്ട നിലവാരത്തിലേയ്ക്ക് കൊണ്ടുവരാനുള്ള പരിശ്രമമാണ് ഈ നിയമ പ രിഷ്ക്കാരത്തിലൂടെ ഗവൺമെന്റ് ആഗ്രഹിക്കുന്നതെങ്കിൽ നല്ല കാര്യം തന്നെ യാണ്. പക്ഷേ ആ രൂപത്തിലുള്ള ഭേദഗതികളാണോ കൊണ്ടുവന്നത് എന്ന കാര്യത്തിൽ സംശയമുണ്ട്. ഒരു നിയമത്തിൽ മാറ്റമുണ്ടാക്കുമ്പോൾ യൂണിവേഴ്സിറ്റിയുടെ നിലവാരത്തിലും മാറ്റമുണ്ടാകണം. വളരെ പ്രതീക്ഷ യോടുകൂടി ആരംഭിച്ച ഈ സ്ഥാപനത്തിന് ഇപ്പോൾ കൊണ്ടുവന്നിട്ടുള്ള ഭേദഗതികളിലൂടെ നിലവാരം മെച്ചപ്പെടുത്താൻ കഴിയുമോയെന്ന് നിർബ്ബ ന്ധമായും പരിശോധിക്കണം. യൂണിവേഴ്സിറ്റിയുടെ അക്കാഡമിക് എക്സ ലൻസ് മെച്ചപ്പെടുത്തണം. ജനറൽ കൗൺസിലിന്റേയും സെർച്ച് കമ്മിറ്റിയു ടേയുമൊക്കെ ഘടന മാറ്റിയതുകൊണ്ടുമാത്രം സർവ്വകലാശാല സെന്റർ ഓഫ് എക്സലൻസായി ഉയരുകയില്ല. നിയമിക്കുന്ന അംഗങ്ങൾ ആരായിരിക്കണ മെന്നുള്ള വ്യക്തമായ കാഴ്ചപ്പാടുണ്ടാകണം. ബാർ കൗൺസിൽ ഓഫ് ഇൻഡ്യയുടെ പ്രതിനിധിക്ക് പകരം കേരള ബാർ കൗൺസിലിലെ പ്രതിനി

ധിയെ സെർച്ച് കമ്മിറ്റിയിലെ അംഗമാക്കുന്നത് ശരിയല്ല. ഇൻഡ്യയിലെ ഏറ്റവും പ്രഗൽഭരായ ആളുകൾ നേതൃത്വം കൊടുക്കേണ്ട യൂണിവേഴ്സിറ്റിയിൽ കഴിവുള്ള, അക്കാദമിക് എക്സലൻസിയുള്ള ഉദ്യോഗസ്ഥരെത്തന്നെ നിയമിക്കേണ്ടതാണ്.

<u>ശ്രീ. പി. കൃഷ്ണപ്രസാദ്</u>: 2008-ലെ ഉയർന്ന നിയമപഠനത്തിനുള്ള ദേശീയ സർവ്വകാലശാല (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-12-2008 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഉയർന്ന നിയമപഠനത്തിനുള്ള ദേശീയ സർവ്വകലാശാല (ഭേദഗതി) ബില്ലിലെ പ്രധാനപ്പെട്ട കാഴ്ചപ്പാട് സർവ്വകലാശാലയ്ക്ക് കേന്ദ്ര ഗവൺമെന്റിൽ നിന്നോ യു.ജി.സി.യിൽ നിന്നോ ധനസഹായം ലഭ്യമാകുന്നതിന് ദോഷകരമായി നിൽക്കുന്ന സെൽഫ് ഫിനാൻസിംഗ് എന്ന പദവി മാറ്റണമെന്നുള്ളതാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തിക്കൊണ്ടുപോകുന്നതിനുള്ള ചെലവ് വിദ്യാർത്ഥികളിൽ നിന്നും ഈടാക്കണമെന്നും ആ സ്ഥാപനം നടത്തി വാണിജ്യാടിസ്ഥാനത്തിൽ ലാഭമുണ്ടാക്കണമെന്നുമുള്ള കച്ചവട താൽപ്പര്യത്തോടെയുള്ള ഇടപെടലാണ് കേരള സമൂഹത്തിൽ പ്രക്ഷുബ്ധമായിട്ടുള്ള നിരവധി യുവജന വിദ്യാർത്ഥി പ്രക്ഷോഭങ്ങൾക്ക് ഇടയാക്കിയിട്ടുള്ളത് വിദ്യാഭ്യാസത്തിന്റെ നല്ലൊരു ശതമാനം ചെലവും ഗവൺമെന്റ് ഏറ്റെടുത്തുകൊണ്ടുള്ള ഒരു സമീപനമാണ് അമേരിക്ക ഉൾപ്പെടെയുള്ള വികസിത മുതലാളിത്ത രാജ്യങ്ങൾ പോലും എടുത്തിട്ടുള്ളത്. ഗവൺമെന്റ് അതിന്റെ ഉത്തരവാദിത്തത്തിൽ നിന്നും ഒഴിഞ്ഞുമാറി വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തുന്നതിനുള്ള ചുമതല സ്വകാര്യമേഖലയെ ഏൽപ്പിച്ചാൽ അനിയന്ത്രിതമായ വിദ്യാഭ്യാസ കച്ചവടമായിരിക്കും ഉണ്ടാകുക. സമൂഹത്തിലെ സമ്പന്നരായ ജനവിഭാഗങ്ങളിൽ നിന്നുവരുന്ന കുട്ടികൾക്ക് സൗജന്യമായി

വിദ്യാഭ്യാസം കൊടുക്കുന്ന സ്ഥാപനങ്ങളായി ഗവൺമെന്റ് സ്ഥാപനങ്ങൾ നിൽക്കുന്നു. സാധാരണ ജനവിഭാഗങ്ങളുടെ ഇടയിൽ നിന്നുവരുന്ന കുട്ടികളേക്കാൾ മെരിറ്റിൽ മുന്നിൽ നിൽക്കുന്നത് സാമ്പത്തികശേഷിയും ഉയർന്ന സാമൂഹ്യ പദവിയുമുള്ള വീടുകളിൽ നിന്നുവരുന്ന കുട്ടികൾ തന്നെയാണെന്നുള്ളത് യാഥാർത്ഥ്യമാണ്. അതുകൊണ്ട് അത്തരത്തിലുള്ള കുട്ടികൾക്ക് സൗജന്യ വിദ്യാഭ്യാസം എന്ന കാഴ്ചപ്പാടിനുപകരം അവരിൽ നിന്ന് വിദ്യാഭ്യാസത്തിന് വേണ്ടിവരുന്ന ചെലവിന്റെ ഒരു നിശ്ചിത ശതമാനം സെസ്സ് മുഖേനയോ അല്ലെങ്കിൽ ഫീസിനത്തിലോ ഈടാക്കാവുന്നതാണ്. ഈ കാഴ്ച്പ്പാടാണ് സെൽഫ് ഫിനാൻസിംഗ് സംവിധാനത്തിലൂടെ നിലവിൽ വരുത്താനായി തീരുമാനിച്ചിട്ടുള്ളത്. ഈ നയം കേരളത്തിലെ മുഴുവൻ ജനങ്ങളും അംഗീകരിച്ചിട്ടുണ്ട്. ആ സ്ഥാപനങ്ങൾ നല്ലവിധത്തിൽ നടത്തിക്കൊണ്ടുപോകാൻ ഗവൺമെന്റിന്റെ നിയന്ത്രണവും പിൻതുണയും ഉണ്ടാകണം. യു.ജി.സി. ഉൾപ്പെടെ സംസ്ഥാന ഗവൺമെന്റിന്റെയും കേന്ദ്ര ഗവൺമെന്റിന്റെയും സാമ്പത്തിക പിന്തുണയോടുകൂടി ഇതിനെ ഒരു മികച്ച സ്ഥാപനമായി വികസിപ്പിച്ചെടുക്കണമെന്ന കാഴ്ചപ്പാടോടുകൂടിയുള്ള ഒരു ഭേദഗതി നിയമമാണ് അവതരിപ്പിച്ചിരിക്കുന്നത്. ജനറൽ കൗൺസിലിലും എക്സിക്യൂട്ടീവ് കൗൺസിലിലും സെർച്ച് കമ്മിറ്റിയിലും മറ്റും പുതിയ അംഗങ്ങളെ ജനാധിപത്യ രീതിയിൽ ഉൾപ്പെടുത്തുകയും കക്ഷിരാഷ്ട്രീയത്തിനതീതമായി അംഗങ്ങളെ തെരഞ്ഞെടുക്കുകയും ചെയ്യണം. വിദ്യാഭ്യാസ രംഗത്തെ ഉന്നതരുമായി ഇതുസംബന്ധിച്ച് ആഴത്തിലുള്ള പഠനം നടത്തേണ്ടതാണ്. നിലവാരത്തകർച്ചയുടെ പ്രശ്നങ്ങളെ സംബന്ധിച്ച് ആഴത്തിലുള്ള പരിശോധന നടത്തിക്കൊണ്ടുവേണം അക്കാദമിക് നിലവാര വിഷയങ്ങളിൽ പരിഹാരമുണ്ടാക്കേണ്ടത്. കേരള സമൂഹം ചർച്ച ചെയ്യപ്പെടുന്ന വിഷയങ്ങ

ളെക്കുറിച്ചെല്ലാം ഉയർന്ന ഗവേഷണം നടത്താൻ കഴിയുന്ന വിധത്തിൽ ഉന്നത അക്കാഡമിക് നിലവാരമുള്ള ഗവേഷണ സ്ഥാപനമായി ഈ യൂണിവേഴ്സിറ്റിയെ വികസിപ്പിച്ചെടുക്കാൻ കഴിയണം. സാമൂഹ്യനീതിയും മെറിറ്റും ഉറപ്പുവരുത്തിക്കൊണ്ട് ഉന്നത വിദ്യാഭ്യാസ മേഖലയിൽ പാവപ്പെട്ടവന്റെ മക്കൾക്കും ഉയർന്ന വിദ്യാഭ്യാസം ലഭ്യമാക്കാൻ കഴിയുന്ന വിധത്തിലുള്ള ഒരു സ്ഥാപനമായി ഇതിനെ നിലനിർത്തണമെന്നുള്ള രാഷ്ട്രീയ വീക്ഷണം ഈ ഭേദഗതിയിൽ കാണാൻ സാധിക്കും.

<u>ശ്രീ. കെ. ബാബു</u>: 2008-ലെ ഉയർന്ന നിയമപഠനത്തിനുള്ള ദേശീയ സർവ്വകലാശാല (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. സ്വാശ്രയ എന്നുള്ള വാക്ക് മാറ്റി ഈ സ്ഥാപനം പൂർണ്ണമായി ഗവൺമെന്റ് നിയന്ത്രണത്തിലേക്ക് കൊണ്ടുവരികയാണ്. ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു ചെലവും ഉണ്ടാകുന്നതല്ലെന്ന് ഇതിന്റെ ധനകാര്യ മെമ്മോറാണ്ഡത്തിൽ പറയുന്നുണ്ട്. . ഗവൺമെന്റ് ഇതിൽ കുറെ കൺട്രോൾ കോണ്ടുവരുന്നു എന്നുള്ളതിൽ കവിഞ്ഞ് കാര്യമായി ഒരു പിന്തുണയും നൽകുന്നില്ല. ഗവൺമെന്റ് . എന്തെങ്കിലും പിന്തുണ നൽകുന്നുണ്ടെങ്കിൽ സഞ്ചിതനിധിയിൽ നിന്നും പണം കൊടുക്കാൻ തീരുമാനിക്കണം. സർക്കാരിന് പണം മുടക്കാൻ നിർവാഹമില്ലാത്തതുകൊണ്ടാണ് സ്വാശ്രയമേഖലയിൽ ഈ സ്ഥാപനം തുടങ്ങാൻ തീരുമാനിച്ചത്. ഇൻഡ്യയിൽ 16 ലാ യൂണിവേഴ്സിറ്റികൾ പ്രവർത്തിക്കുന്നുണ്ട്. ഓരോന്നും പ്രവർത്തിക്കുന്നത് മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങളോടുകൂടിയാണ്. ഗവൺമെന്റിന് ആത്മാർത്ഥതയുണ്ടെങ്കിൽ ഈ യൂണിവേഴ്സിറ്റിയുടെ കാമ്പസ് കളമശ്ശേരിയിലേക്ക് മാറ്റി

സ്ഥാപിക്കുന്നതിന് അടിയന്തിരമായി പത്തുകോടി രൂപ അനുവദിക്കണം. കോമൺ എൻട്രൻസ് എക്സാമിനേഷനിൽ "NUALS"-നെ കൂടി ഉൾപ്പെടുത്താൻ ശ്രമിക്കണം. ഇതിന്റെ എക്സിക്യൂട്ടീവ് കൗൺസിലിൽ ഫിനാൻസ് സെക്രട്ടറി, വിദ്യാഭ്യാസ സെക്രട്ടറി എന്നിവരെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ജോലിഭാരം നിമിത്തം ഒരു യോഗത്തിലും ഇവർക്ക് പങ്കെടുക്കാൻ സാധിക്കുകയില്ല. ഇവിടെ പഠിക്കുന്ന അൻപത് ശതമാനത്തിൽ കൂടുതൽ വിദ്യാർത്ഥികൾക്ക് ക്യാമ്പസ് സെലക്ഷൻ കിട്ടുന്നുണ്ട്. മറ്റ് ലാ യൂണിവേഴ്സിറ്റികളിൽ നിന്ന് വ്യത്യസ്തമായ മികവും ക്വാളിറ്റിയും ഈ സ്ഥാപനത്തിനുണ്ട്. പേരുമാറ്റംകൊണ്ടു മാത്രം സർവ്വകലാശാല മെച്ചപ്പെടുകയോ മികവ് വർദ്ധിക്കുകയോ ചെയ്യുകയില്ല. സംസ്ഥാന സർക്കാരിന്റെ സഹകരണം ഉണ്ടെങ്കിൽ മാത്രമേ സർവ്വകലാശാലയ്ക്ക് വളരാൻ സാധിക്കുകയുള്ളൂ. വരുന്ന ബഡ്ജറ്റിലെങ്കിലും ഈ സ്ഥാപനത്തിന് കൂടുതൽ പണം വകകൊള്ളിക്കണം. കഴിഞ്ഞ സർക്കാർ അനുവദിച്ച കളമശ്ശേരിയിലെ 10 ഏക്കർ സ്ഥലത്ത് പുതിയ കാമ്പസും കെട്ടിടങ്ങളും ഉണ്ടാക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി): നിയമ പഠന രംഗത്തെ ഈ ഉന്നത വിദ്യാഭ്യാസ സ്ഥാപനത്തിന്റെയും സംസ്ഥാനത്തെ മറ്റ് നിയമ വിദ്യാഭ്യാസ സ്ഥാപനങ്ങളുടേയും ഇന്നത്തെ അവസ്ഥയേയും അവ എങ്ങനെ മെച്ചപ്പെടുത്താൻ സാധിക്കുമെന്നതിനേയുംകുറിച്ച് ധാരാളം നല്ല നിർദ്ദേശങ്ങൾ സഭാംഗങ്ങളിൽ നിന്നും ഉയർന്നുവന്നിട്ടുണ്ട്. നിയമ വിദ്യാഭ്യാസം കേരളത്തിൽ ഉടച്ചുവാർക്കുകയും അവയെ ലോകനിലവാരത്തിലേയ്ക്ക് ഉയർത്തുകയും ചെയ്യുക എന്ന ലക്ഷ്യത്തോടുകൂടി

പ്രൊഫ. എൻ. ആർ മാധവമേനോൻ ചെയർമാനായി നിയോഗിച്ച ഉന്നതാധികാര സമിതിയുടെ റിപ്പോർട്ട് കിട്ടിയാലുടൻ തന്നെ സർക്കാർ അത് പരിശോധിക്കുകയും അതിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുകയും ചെയ്യും. അതിന്റെ ഭാഗമായി NUALS-ന്റെ പ്രവർത്തനം നല്ലതോതിൽ മെച്ചപ്പെടുത്താൻ കഴിയും. സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകളിൽ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുള്ള മുഴുവൻ പ്രബന്ധങ്ങളുടെയും ഇൻഡക്സ് തയ്യാറാക്കുകയും അവ വെബ്സൈറ്റിൽ ലഭ്യമാക്കാനുമുള്ള തീരുമാനം എടുക്കുകയും ചെയ്തിട്ടുണ്ട്. നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസിന്റെ പ്രവർത്തനങ്ങൾ സ്തംഭനാവസ്ഥയിലായതിന്റെ പ്രധാന കാരണം "സ്വാശ്രയ" എന്ന വാക്ക് നിയമത്തിന്റെ പീഠികയിലും ഉള്ളടക്കത്തിലും കടന്നുകൂടിയതാണ്. അത് ഒഴിവാക്കുക എന്നുള്ളതാണ് ഈ ഭേദഗതിയുടെ പ്രധാനപ്പെട്ട ഉദ്ദേശം. സർവ്വ കലാശാലയുടെ ഘടനയിൽ നേരിയ ചില കൂട്ടിച്ചേർക്കലുകൾ നടത്തിയിട്ടുണ്ട്. ഹൈക്കോടതി ചീഫ് ജസ്റ്റീസിന്റെ കൂടെ ധനകാര്യ സെക്രട്ടറിയെ പ്രതിനിധാനം ചെയ്ത് ജോയിന്റ് സെക്രട്ടറി ലെവലിലുള്ള ആളുകൾ പോകുന്നുവെന്നുള്ള വിമർശനം വസ്തുതയുമായി പൊരുത്തപ്പെടു ന്നതല്ല. നിയമ പഠനവുമായി ബന്ധപ്പെട്ട് ഉന്നത വിദ്യാഭ്യാസ സെക്രട്ടറിയും നിയമ സെക്രട്ടറിയുമാണ് പോകുന്നത്. ധനകാര്യ സെക്രട്ടറിയെയാണ് ഇതിന് തുല്യമായി ഉൾപ്പെടുത്താൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ദേശീയ തലത്തിൽ കാര്യങ്ങൾ ആലോചിക്കുന്നതിന് യു.ജി.സി പ്രതിനിധി ഇപ്പോൾ ഉണ്ട്. സെർച്ച് കമ്മിറ്റിയിലെ ബാർ കൗൺസിൽ ഓഫ് ഇന്ത്യയുടെ പ്രതിനിധിക്ക് പകരം കേരള ബാർ കൗൺസിലിലെ ഒരു പ്രതിനിധിയെ

ചേർക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ധനകാര്യവകുപ്പിലെ ഗവൺമെന്റ് സെക്രട്ടറിയേയും ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നിർവ്വാഹക സമിതി നാമനിർദ്ദേശം ചെയ്യുന്ന ഒരു അംഗത്തേയും ഉൾപ്പെടുത്തിക്കൊണ്ട് സർവ്വ കലാശാലയുടെ ജനറൽ കൗൺസിലിന്റെ ഘടനയിൽ മാറ്റം വരുത്തു കയാണ് ലക്ഷ്യം. ഇതിൽ രണ്ടു പേർ നിയമവിദഗ്ദ്ധരാണ്. സ്ത്രീ പ്രാതിനിധ്യവും ഈ ബില്ലിൽ ഉറപ്പു വരുത്തിയിട്ടുണ്ട്. നിയന്ത്രണങ്ങൾക്ക് വിധേയമായി സമൂഹത്തിന് പ്രയോജനപ്രദമായ വിധത്തിൽ ഈ നിയമം നടപ്പിലാക്കാൻ കഴിയുമോയെന്ന് പരിശോധിക്കുന്നതാണ്. ഉയർന്ന നിയമപഠ നത്തിനുള്ള ഈ ദേശീയ സർവ്വകലാശാല കേരളീയരുടെ അഭിമാന സർവ്വ കലാശാലയാക്കി മാറ്റാൻ സഹായകരമായ ഭേദഗതിയാണ് ബില്ലിലുള്ളത്. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിശോധനയ്ക്ക് വിടണമെന്നഭ്യർത്ഥിക്കുന്നു.

നിരാകരണ പ്രമേയവും ഭേദഗതികളും സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

2008-ലെ ഉയർന്ന നിയമപഠനത്തിനുള്ള ദേശീയ സർവ്വകലാശാല (ഭേദഗതി) ബിൽ സാമൂഹ്യ സേവനം സംബന്ധിച്ച VI -ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

(2) <u>2008-ലെ ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല (രണ്ടാം ഭേദഗതി) ബിൽ</u>

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി <u>(ശ്രീ. എം.എ. ബേബി):</u> 2008-ലെ ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല (രണ്ടാം ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട്

സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചു കൊണ്ടുള്ള സ്റ്റേറ്റുമെന്റും മേശപ്പുറത്തു വയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): 2008-ലെ ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല (രണ്ടാം ഭേദഗതി) ബിൽ സാമൂഹ്യസേവനം സംബന്ധിച്ച VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പി ക്കുന്നു.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം): പ്രമേയത്തെ പിന്താങ്ങുന്നു.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): ബില്ലിന്റെ ചർച്ചയിൽ ഈ വിഷയത്തെ സംബന്ധിച്ച് കൂടുതൽ സംസാരിക്കാം.

Shri. K.C. Joseph: I move that "This House resolves to disapprove The Sree Sankaracharya University of Sanskrit (Amendment) Ordinance, 2008 (Ordinance No. 22 of 2008). ശ്രീശങ്കരാ ചാര്യ സംസ്കൃത സർവ്വകലാശാല സിൻഡിക്കേറ്റിൽ വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും ധനകാര്യവകുപ്പിന്റെയും പ്രാതിനിധ്യം ഇല്ലാത്തതി നാലും പ്രോ-വൈസ് ചാൻസലറുടെ തസ്തികയില്ലാത്തതിനാലും പ്രോ-വൈസ്ചാൻസലറുടെ തസ്തിക സൃഷ്ടിക്കുന്നതിനും തങ്ങൾക്ക് രാഷ്ട്രീയ ഭൂരിപക്ഷമില്ലാത്ത യൂണിവേഴ്സിറ്റികളെ പിൻവാതിലിൽക്കൂടി നിയന്ത്രി ക്കാൻവേണ്ടി ഭരണസമിതിയിലെ അംഗസംഖ്യ വർദ്ധിപ്പിക്കാനുമാണ് ഈ

ബില്ലിലൂടെ സർക്കാർ ശ്രമിക്കുന്നത്. 3000 വിദ്യാർത്ഥികൾ മാത്രമുള്ള ഒരു യൂണിവേഴ്സിറ്റി ഭരിക്കാൻ വൈസ്ചാൻസിലർക്കു പുറമെ പ്രോ-വൈസ് ചാൻസിലറെക്കൂടി നിയമിക്കുന്നതിന്റെ ഉദ്ദേശശുദ്ധിയെ സംശയിക്കേണ്ടിയിരിക്കുന്നു. സംസ്കൃതഭാഷയുടെ പുനരുദ്ധാരണത്തിനുവേണ്ടി സ്ഥാപിച്ച യൂണിവേഴ്സിറ്റിയിൽ സംസ്കൃതഭാഷാപഠനത്തിനാണ് പ്രാധാന്യം കൊടുക്കേണ്ടത്. രാഷ്ട്രീയ സ്വാധീനമുപയോഗിച്ച് യൂണിവേഴ്സിറ്റി ക്യാമ്പസ്സുകൾ പിടിച്ചടക്കുന്ന പ്രവണത അവസാനിപ്പിക്കണം.

<u>ശ്രീ. വി.ഡി. സതീശൻ:</u> 2008-ലെ ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല (രണ്ടാം ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-9-2009 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. പ്രോ-വൈസ്ചാൻസിലർക്ക് പുറമെ ആറ് സിൻഡിക്കേറ്റ് മെമ്പർമാരെക്കൂടി അധികമായി ചേർത്ത് കൂടുതൽ സാമ്പത്തികഭാരം സർവ്വകലാശാലകളുടെ മേൽ അടിച്ചേൽപ്പിക്കാനാണ് ഈ ബില്ലിലൂടെ ശ്രമിക്കുന്നത്. 3000 വിദ്യാർത്ഥികളും എട്ട് സെന്ററുകളുമുള്ള ഒരു സർവ്വകലാശാലയ്ക്ക് 19 സിൻഡിക്കേറ്റ് മെമ്പർമാരുടെ ആവശ്യമില്ല. ഇൻഡ്യയിലെ ഏക സംസ്കൃത സർവ്വകലാശാല എന്ന രീതിയിൽ വൈസ്ചാൻസിലറുമായിട്ടും സിൻഡിക്കേറ്റുമായിട്ടുമൊക്കെ ആലോചിച്ച് കാലടി സംസ്കൃത സർവ്വകലാശാലയിലെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കേണ്ടതിനുപകരം ആശയപരമായ അഭിപ്രായവ്യത്യാസത്തിന്റെ പേരിൽ സ്വഭാവഹത്യ ചെയ്തും കള്ളക്കേസിൽ കുടുക്കിയും അവസരങ്ങൾ ഇല്ലാതാക്കിയും വൈസ്ചാൻസിലറെ ദ്രോഹിക്കുന്ന നടപടിയാണ് വിദ്യാഭ്യാസ വകുപ്പുമന്ത്രി സ്വീകരിച്ചിട്ടുള്ളത്. കേരള യൂണിവേഴ്സിറ്റി അസിസ്റ്റന്റ് നിയമനവുമായി ബന്ധപ്പെട്ട് ക്രമക്കേട് കാണിച്ച വ്യക്തികൾക്കെതിരെ യാതൊരു നടപടിയും

സ്വീകരിച്ചിട്ടില്ല. ഇത് ജനാധിപത്യവിരുദ്ധമായ ബില്ലാണ്. ഈ ബിൽ പൈലറ്റ് ചെയ്യുന്നത് ഗവൺമെന്റിന് ഭൂഷണമല്ല.

പ്രൊഫ. സി. രവീന്ദ്രനാഥ് : 2008-ലെ ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല (രണ്ടാം ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ മൂല്യച്യുതി മനസ്സിലാക്കി അതിനെ ഉയരങ്ങളിലേയ്ക്ക് എത്തിക്കാനുള്ള പരിശ്രമമാണ് വിദ്യാഭ്യാസ വകുപ്പുമന്ത്രി നടത്തിക്കൊണ്ടിരിക്കുന്നത്. നിലവിലുള്ള സിൻഡിക്കേറ്റിനെ സമ്പൂർണ്ണമായി ജനാധിപത്യവത്കരിച്ചാൽ മാത്രമേ ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ അഴിമതി ഇല്ലാതാക്കാൻ പറ്റുകയുള്ളൂ. മറ്റെല്ലാ സർവ്വകലാശാലകളിലുമുള്ളതുപോലെ പ്രോ-വൈസ്ചാൻസിലറേയും മറ്റ് അംഗങ്ങളേയും ഉൾപ്പെടുത്തി സർവ്വകലാശാലയെ വിപുലീകരിക്കാനുള്ള ശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ലോകത്തിന് മാതൃകയായിട്ടുള്ള വിദ്യാഭ്യാസ പ്രക്രിയ കേരളത്തിൽ വളർന്നുകൊണ്ടിരിക്കുമ്പോൾ അതിനെ തമസ്ക്കരിക്കുന്ന നടപടി ശരിയല്ല. കാലടി സർവ്വകലാശാല ഉൾപ്പെടയുള്ള എല്ലാ സർവ്വകലാശാലകളിലും ആധുനിക വിദ്യാഭ്യാസ സമ്പ്രദായങ്ങൾ നടപ്പിലാക്കണം. വിദ്യാഭ്യാസം ജനകീയവൽക്കരിക്കുമ്പോൾ അതിനനുസരിച്ച് നിയമങ്ങളുണ്ടാക്കാനാണ് ഈ ഗവൺമെന്റ് ശ്രമിക്കുന്നത്. ഈ ബിൽ സിൻഡിക്കേറ്റിനെ വിപുലീകരിച്ച് സർവ്വകലാശാലയുടെ പ്രവർത്തനം മെച്ചപ്പെടുത്താനുതകുന്ന തരത്തിലുള്ളതാണ്.

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): യു.ഡി.എഫ്. സർക്കാർ ഇല്ലാതാക്കിയ 'പ്രിൻസിപ്പൽ ഡീൻ ഓഫ്

സ്റ്റഡീസ്' എന്ന പദവി ഒരു ഓർഡിനൻസിലൂടെ പുന:സ്ഥാപിക്കുകയാണ് ചെയ്യുന്നത്. യു.ഡി.എഫ്. അധികാരത്തിൽ വന്നപ്പോൾ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ നാമനിർദ്ദേശം ചെയ്യപ്പെട്ട നാല് അംഗങ്ങളായിരുന്നു ഉണ്ടായിരുന്നത്. അത് എട്ട് ആക്കി മാറ്റാൻ ഭേദഗതി കൊണ്ടുവന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എല്ലാ വൈസ്ചാൻസിലർമാരുമായി നല്ല ബന്ധമാണ് തുടർന്നുപോരുന്നത്. ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ യു.ഡി.എഫ്. ഗവൺമെന്റ് നോമിനേറ്റ് ചെയ്ത വൈസ്ചാൻസിലറെ തന്നെയാണ് ഈ ഗവൺമെന്റും നിയമിച്ചത്. പ്രതിപക്ഷം ഉന്നയിക്കുന്ന ആരോപണങ്ങളും വിമർശനങ്ങളും തികച്ചും അടിസ്ഥാനരഹിതമാണ്. ബിൽ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

നിരാകണരപ്രമേയവും ഭേദഗതികളും സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

2008-ലെ ശ്രീ. ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല (രണ്ടാം ഭേദഗതി) ബിൽ സാമൂഹ്യ സേവനം സംബന്ധിച്ച VI-ാം നമ്പർ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ചു.

(3) 2008-ലെ കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): 2008-ലെ കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാ

പിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): 2008-ലെ കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ ഭക്ഷ്യവും ഭവനനിർമ്മാണവും തൊഴിലും സംബന്ധിച്ച VII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. എം. മുരളി : I move that - "This House resolves to disapprove The Kerala Shops and Commercial Establishments Workers' Welfare Fund (Amendment) Ordinance, 2008 (Ordinance No.27 of 2008). കേരളത്തിലെ ലക്ഷക്കണക്കിന് വരുന്ന ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ഷോപ്പുകളിൽ ജോലി ചെയ്യുന്ന അസംഘടിത തൊഴിലാളികളെ ക്ഷേമനിധി ബോർഡിൽ അംഗങ്ങളാക്കിക്കൊണ്ടിരിക്കുകയാണ്. തൊഴിലാളി പ്രസ്ഥാനങ്ങൾ കടന്നുചെല്ലാത്ത മേഖലയായതുകൊണ്ട് നിയമങ്ങളും സ്കീമുകളും വന്ന് മാസങ്ങൾ കഴിഞ്ഞിട്ടും ഒന്നര ലക്ഷം തൊഴിലാളികളാണ് അംഗങ്ങളായി വന്നത്. കേരളത്തിലെ അസംഘടിത മേഖലയിൽ ജോലി ചെയ്യുന്നവർക്ക് ഈ ക്ഷേമനിധിയിൽ അംഗങ്ങളായി ചേരാൻ തടസ്സമായി നിൽക്കുന്നത് കോടതിയുടെ ഇടപെടലുകളാണ്. ലേബർ വെൽഫെയർ ഫണ്ട് ബോർഡിൽ അംഗമായതുകൊണ്ട് ഈ ആക്ട്

ബാധകമല്ല എന്നാണ് ചില തൊഴിലുടമകൾ പറയുന്നത്. ആ തടസ്സവാദം മറികടക്കാനാണ് ഈ ഭേദഗതി കൊണ്ടുവന്നത്. കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റസ് ആക്ട് പാസ്സാക്കിയപ്പോൾ ഏറെ ആനുകൂല്യങ്ങളാണ് ക്ലാസ് 3-ൽ വ്യവസ്ഥ ചെയ്തിരുന്നത്. അതനുസരിച്ച് 10 വർഷം തുടർച്ചയായി അംശദായമടച്ച അംഗത്തിന് പെൻഷൻ നൽകുന്നുണ്ട്. ക്ഷേമ നിധി ബോർഡിൽ അംഗങ്ങളായവർക്ക് 60 വയസ്സ് തികയുമ്പോൾ അംശദായം തിരിച്ചുകിട്ടാനുള്ള വ്യവസ്ഥ മൂലനിയമത്തിൽ ഇല്ലാതെപോയത് ലജ്ജാകരമാണ്. മൂലനിയമത്തിൽവന്ന വീഴ്ച കാരണമാണ് 3-ാം വകുപ്പിൽ പുതിയതായി 3 (എഫ്) എന്ന വകുപ്പ് ഇൻസെർട്ട് ചെയ്യേണ്ടി വന്നത്.

പ്രൊഫ. എൻ. ജയരാജ് : നിരാകരണപ്രമേയത്തെ പിന്താങ്ങുന്നു. തൊഴിലാളികളടച്ച അംശദായം തിരിച്ചുനൽകുമ്പോൾ അതിന്റെ ആനുകൂല്യങ്ങൾകൂടി നൽകാനുള്ള നടപടി സ്വീകരിക്കണം. ധനസഹായങ്ങൾ സമയബന്ധിതമായി നൽകാത്തതുകൊണ്ട് ഒന്നോ രണ്ടോ ക്ഷേമനിധി ബോർഡുകളൊഴികെ പല ക്ഷേനിധി ബോർഡുകൾക്കും നന്നായി പ്രവർത്തിക്കാൻ കഴിയുന്നില്ല. ആവശ്യമായ സാമ്പത്തിക സഹായം നൽകി ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം ആകർഷകവും ഊർജ്ജിതവുമാക്കണം. വിവിധ ബോർഡുകളിൽ ഉണ്ടാകുന്ന വേക്കൻസികളിൽ അതാത് മേഖലയിലെ തൊഴിലാളികളുടെ കുട്ടികൾക്കുകൂടി സംവരണം ചെയ്യുന്ന തരത്തിൽ നിയമനിർമ്മാണം കൊണ്ടുവരണം. ക്ഷേമനിധി ബോർഡുകളെ സംബന്ധിച്ച് സ്റ്റാറ്റിറ്റിക്സ് എടുത്ത് ബോർഡിന്റെ പ്രവർത്തനഘടനയിൽ മാറ്റം വരുത്തണം.

ശ്രീ. വി. ശിവൻകുട്ടി : 2008-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

പൊതുജനാഭിപ്രായം ആരായുന്നതിനായി 31-12-2008 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഏറ്റവും കൂടുതൽ ബുദ്ധിമുട്ട നുഭവിച്ചുകൊണ്ടിരുന്ന മേഖലയാണ് തൊഴിലാളി മേഖല. 2006-ൽ പാസ്സാ ക്കിയ നിയമത്തിൽ 10 ലക്ഷം പേർ അംഗങ്ങളാകുമെന്ന് പ്രതീക്ഷിച്ചെങ്കിലും അതിന്റെ പുരോഗമനവുമായി മുന്നോട്ടുപോകാൻ കഴിഞ്ഞില്ല. സ്ഥാപന ഉടമ കൾ തൊഴിലാളികളെ ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ആക്ടിൽ അംഗങ്ങളാകാൻ സമ്മതിക്കുന്നില്ല എന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിലാണ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്. കേരളാ ലേബർ വെൽഫെയർ ഫണ്ട് ബോർഡിൽ അംഗങ്ങളായതുകൊണ്ട് തൊഴിലാളികളുടെ അർഹമായ ആനുകൂല്യങ്ങൾ മുതലാളിമാർ നിയന്ത്രിച്ചിരിക്കുകയാണ്. അത് ഒഴിവാക്കാൻവേണ്ടി ഈ ആക്ടിൽ ഒരു പ്രധാനപ്പെട്ട ഭേദഗതി കൊണ്ടുവരിക യാണ്. മരണാനന്തര സഹായം 1,00,000 രൂപയായും ചികിത്സാ സഹായം 25,000 രൂപയായും അംഗത്വപ്രായം 60 വയസ്സായും ഉയർത്തണം. സംസ്ഥാന തലത്തിൽ ബോർഡ് രൂപീകരിക്കണം. അംഗത്വ അപേക്ഷ യഥാസമയം പൂരിപ്പിച്ചുകൊടുക്കാൻ തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥർ ആവശ്യമായ നടപടി സ്വീകരിക്കണം. തൊഴിലാളി വിഹിതം കുറയ്ക്കാനും സഹകരണ ബാങ്കുകൾ വഴി അംശദായം അടയ്ക്കാനുമാവശ്യമായ നടപടി സ്വീകരി ക്കണം.

<u>ശ്രീ. എം. പ്രകാശൻ മാസ്റ്റർ</u> : 2008-ലെ കേരള ഷോപ്പ്സ് ആന്റ് കമേ ഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരി പ്പിക്കുന്നു. മറ്റ് ഗവൺമെന്റുകൾക്ക് കഴിയാത്ത രൂപത്തിൽ 10 ലക്ഷത്തോളം തൊഴിലാളികൾക്ക് സഹായകരമായ ക്ഷേമനിധിയാണ് എൽ.ഡി.എഫ്.

ഗവൺമെന്റ് കൊണ്ടുവന്നിരിക്കുന്നത്. മറ്റേതെങ്കിലും ക്ഷേമനിധി ബോർഡിൽ അംഗങ്ങളായവർ ഈ ക്ഷേമനിധിയിൽ അംഗങ്ങളാകേണ്ട എന്ന നിലപാടാണ് തൊഴിലുടമകൾ സ്വീകരിച്ചിരിക്കുന്നത്. സ്ഥിരമായ ശാരീരിക അവശതമൂലം രണ്ടുവർഷത്തിലധികമായി ജോലി ചെയ്യാൻ കഴിയാതിരിക്കുകയോ അല്ലെങ്കിൽ അറുപത് വയസ്സ് തികയുകയോ ചെയ്തിട്ടുള്ള അംഗങ്ങൾക്ക് അവർ അടച്ച അംശദായത്തുക തിരികെ നൽകേണ്ടതാണ്. 50-60 വയസ്സിനിടയിലുള്ളവർക്ക് പത്ത് വർഷമെന്ന പരിധി ഒഴിവാക്കി മെമ്പർഷിപ്പെടുക്കാനാവശ്യമായ നിയമഭേദഗതി കൊണ്ടുവരണം. ക്ഷേമനിധിയിൽ ചേരാൻ താൽപ്പര്യമുള്ളവരുടെ ജോലി നഷ്ടപ്പെടുന്നത് ഒഴിവാക്കുന്നതിനായി തൊഴിലുടമകളുമായി ചർച്ച ചെയ്യണം. തൊഴിലുടമ യുടെ സമ്മതമില്ലാതെ ക്ഷേമനിധിയിൽ അംഗമാകാൻ കഴിയില്ല. തൊഴിലാളി കളെ ക്ഷേമനിധിയിൽ അംഗങ്ങാളാക്കുന്നതിന് ട്രേഡ് യൂണിയനുകൾ മുൻകൈയെടുക്കണം. ഷോപ്പ്സ് ആന്റ് എസ്റ്റാബ്ലിഷ്മെന്റ്സ് ആക്ട് കർശന മായി നടപ്പിലാക്കുന്നതിനുള്ള ശക്തമായ ഉറപ്പ് ഗവൺമെന്റിന്റെ ഭാഗത്തു നിന്നുമുണ്ടാകണം. തൊഴിലാളികളുടെ കുട്ടികളുടെ വിവാഹത്തിനും വിദ്യാഭ്യാസത്തിനും സഹായം കൊടുക്കാനുള്ള വ്യവസ്ഥയുടെ അടിസ്ഥാന ത്തിൽ വ്യക്തമായ റൂൾ ഉണ്ടാക്കണം. തൊഴിലാളി-തൊഴിലുടമ ബന്ധം സുതാര്യമായി നടപ്പിലാക്കിയാൽ മാത്രമേ ഈ നിയമം നടപ്പാക്കാൻ കഴിയുക യുള്ളൂ. അതിന് ലേബർ ഡിപ്പാർട്ടുമെന്റിന്റെ ഭാഗത്തുനിന്നും ശക്തമായ നടപടി ഉണ്ടാകണം. കുട്ടികളെ ജോലിക്ക് നിയോഗിക്കുന്നതും സ്ത്രീകൾ വൈകുന്നരം 6 മണിക്കുശേഷം തൊഴിലിൽ ഏർപ്പെടുന്നത് തടയാനുമുള്ള നിയമം കർശനമായി നടപ്പിലാക്കണം. സമാനമേഖലയിൽ പ്രവർത്തിക്കുന്ന

ക്ഷേമനിധികളെ അമാൽഗമേറ്റ് ചെയ്ത് ഒരു അഡ്മിസ്ട്രേറ്റീവ് സംവിധാനത്തിൽ കൊണ്ടുവരുന്ന കാര്യം ആലോചിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി. കെ. ഗുരുദാസൻ): കഴിഞ്ഞ പ്രാവശ്യം കൊണ്ടുവന്ന നിയമനിർമ്മാണത്തിലെ പോരായ്മകൾ പരിഹരിക്കാനാണ് ഈ ഭേദഗതി നിയമം കൊണ്ടുവന്നത്. സ്ഥാപനങ്ങളുടെ എണ്ണവും തൊഴിലാളികളുടെ എണ്ണവും ഗണ്യമായി വർദ്ധിച്ച സാഹച ര്യത്തിൽ ക്ഷേമനിധി വിജയകരമായി നടപ്പിലാക്കുന്നതിന് ലേബർ ആഫീസർമാർക്ക് കർശനമായ നിർദ്ദേശം കൊടുത്തിട്ടുണ്ട്. പന്ത്രണ്ട് ലക്ഷത്തോളം തൊഴിലാളികൾ ഉള്ളിടത്ത് പ്രാതിനിധ്യമുള്ള തൊഴിലാളി സംഘടനകൾ ഇല്ലാത്തതുകൊണ്ട് തൊഴിലാളികൾ ചൂഷണം ചെയ്യപ്പെടുന്നു. ട്രേഡ് യൂണിയൻ സംഘടനകളും ക്ലേശകരമായ ജോലിയെന്ന നിലയിൽ തൊഴിലാളികളെ സംഘടിപ്പിക്കുന്നതിൽനിന്നും പിന്തിരിഞ്ഞു നിൽക്കുന്നു. ഈ സാഹചര്യത്തിലാണ് ഇത്തരമൊരു ഭേദഗതിക്ക് നടപടിയെടുത്തത്. രണ്ടു ലക്ഷം മെമ്പർമാരെ ചേർത്തശേഷം സ്ഥിരബോർഡ് രൂപീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ലേബർ ഉദ്യോഗസ്ഥരുടെ ഭാഗത്തുള്ള പോരായ്മകൾ പരിഹരിക്കുന്നതിനാവശ്യമായ സമീപനം കൈക്കൊള്ളും. മിക്ക ക്ഷേമനിധി ബോർഡുകളിലും നിശ്ചിത കാലയളവിൽ അംശദായം അടച്ചു തീർക്കുന്ന വർക്കാണ് പെൻഷൻ കൊടുക്കുന്നത്. മറ്റു ക്ഷേമനിധി ബോർഡുകളുടെ സ്ഥിതിയും കൂടി കണക്കിലെടുത്തുകൊണ്ട് ഈ ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം സൂക്ഷ്മമായി പഠിച്ച് അതിന്റെ അടിസ്ഥാനത്തിൽ മാറ്റം വരുത്താം. സ്വന്തമായി സാമ്പത്തിക ശേഷിയില്ലാതെ ഗവൺമെന്റുതന്നെ പെൻഷൻ കൊടുക്കേണ്ട ബോർഡുകളും ഗവൺമെന്റിന്റെ സഹായം ഭാഗിക മായി വേണ്ട ബോർഡുകളും സ്വന്തമായി പ്രവർത്തിക്കുന്ന ബോർഡുകളു

മുണ്ട്. അതിനെക്കുറിച്ചെല്ലാം സൂക്ഷ്മമായ പഠനം നടത്തുന്നതിന് നിയോഗിച്ച കമ്മിറ്റി അടുത്ത മാസം മുതൽ പ്രവർത്തിച്ചു തുടങ്ങും. ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ആക്ട് കർശനമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് വർക്കേഴ്സിനുവേണ്ടിയും സ്വകാര്യ ആശുപത്രി ജീവനക്കാർക്കുവേണ്ടിയും ഓരോ മിനിമം വേജസ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. അതിന്റെ പ്രവർത്തനം ഒന്നോരണ്ടോ മാസങ്ങൾക്കം പൂർത്തിയാകുമെന്ന് ഉറപ്പുനൽകിയിട്ടുണ്ട്. ഈ ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം ഫലപ്രദമായി മുന്നോട്ടുകൊണ്ടുപോകുന്നപക്ഷം പന്ത്രണ്ടു ലക്ഷത്തോളം തൊഴിലാളികളുടെ ജീവിതത്തിന് സുരക്ഷിതത്വം ലഭിക്കും. അതിന് തൊഴിലാളി സംഘടനകളും ജനപ്രതിനിധികളും ആത്മാർത്ഥമായി സഹകരിച്ച് കുറ്റമറ്റരീതിയിൽ പ്രവർത്തിക്കണം. ആനുകൂല്യങ്ങളുടെ കാര്യത്തിലും പലിശ കൊടുക്കുന്ന കാര്യത്തിലും ചട്ടങ്ങളിൽ മാറ്റം വരുത്തണം. വിവിധ തൊഴിലാളി സംഘടനകൾ മത്സര ബുദ്ധിയോടുകൂടി പ്രവർത്തിക്കുകയാണെങ്കിൽ മുഴുവൻ തൊഴിലാളികളേയും മെമ്പർമാരായി ചേർത്ത് ആ കുടുംബങ്ങളേയും രക്ഷിക്കാൻ കഴിയും. ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഐകകണ്ഠ്യേന പാസ്സാക്കിത്തരണം.

നിരാകരണപ്രമേയവും ഭേദഗതികളും സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

2008-ലെ കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തോഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ ഭക്ഷ്യവും ഭവനനിർമ്മണവും

തൊഴിലും സംബന്ധിച്ച VII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

**അറിയിപ്പ്**

മി. സ്പീക്കർ: ഇന്നുകൂടിയ ബി.എ.സി.യുടെ തീരുമാനമനുസരിച്ച് 2008 ഡിസംബർ 1-ാം തീയതി സഭ മുമ്പാകെ പരിഗണനയ്ക്ക് വരുന്ന കേരള ജലവിതരണവും അഴുക്കുചാലും സംബന്ധിച്ച (ഭേദഗതി) ബില്ലിന് 2008 നവംബർ 29-ാം തീയതി 11 മണിക്കും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2008-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ഭേദഗതി ബിൽ, 2008-ലെ കേരള കൈത്തറിത്തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ എന്നിവയുടെ പൊതു ഭേദഗതികൾ 2008 നവംബർ 29-ാം തീയതി രാവിലെ 11 മണിക്കും വകുപ്പുകൾക്കുള്ള ഭേദഗതികൾ അന്നേദിവസം ഉച്ചയ്ക്കുശേഷം 3.00 മണിക്കും മുമ്പായി നൽകേണ്ടതാണ് എന്നുള്ള വിവരം അംഗങ്ങളെ അറിയിക്കുന്നു.

ഇൻഡ്യയുടെ മുൻ പ്രധാനമന്ത്രി വി.പി. സിംഗ് ഇന്ന് അന്തരിച്ചു. പരേതനോടുള്ള ആദരസൂചകമായി നാളെ രാവിലെ 9.00 മണിക്ക് സഭ ചേരുന്നതും റഫറൻസ് നടത്തി പിരിയുന്നതുമാണ്.

സഭ വൈകുന്നേരം 4.58-ന് പിരിഞ്ഞു.

*****************